മൂവാറ്റുപുഴ വിദ്യാഭ്യാസജില്ല

# SMILE 20 20

# മലയാളം A+ ചോദ്യശേഖരം

കുഞ്ഞേ, ലക്ഷ്മണാ, നീ മത്സരാദികളായുള്ള ദോഷങ്ങളുപേക്ഷിച്ച് ഞാൻ പറയുന്ന വാക്കുകൾ കേൾക്കണം. ഞാൻ വളരെ മുമ്പേ തന്നെ നിന്റെ തത്ത്വമെന്തെന്ന് അറിഞ്ഞിരിക്കുകയാണ്. എന്നെക്കുറിച്ചു നിനക്കുള്ളതുപോലെ അളവില്ലാത്ത വാത്സല്യം മറ്റാർക്കുംതന്നെയില്ലെന്നും, നിന്നെക്കൊണ്ട് സാധിക്കാത്തതായി ഒരു കാര്യവുമില്ലെന്നും എനിക്ക് നല്ലവണ്ണം അറിയാം. എങ്കിലും ഞാൻ പറയുന്നത് നീ കേൾക്കണം.

കാണാൻ സാധിക്കുന്നതായ രാജ്യം ദേഹം എന്നിവയും, ഈ ലോകവും, ധാന്യം, ധനം എന്നിവയും സത്യമാണെങ്കിൽ അവ നേടാനുള്ള നിന്റെ ശ്രമം നല്ലതാണ്. അവ സത്യമല്ല എന്നുണ്ടെങ്കിൽ അതു നേടാൻ വേണ്ടി ചെയ്യുന്ന ശ്രമത്തിന്റെ ഫലമെന്താണ്?

സുഖാനുഭവങ്ങളെല്ലാം മിന്നൽപ്പിണർ പോലെ അസ്ഥിരമാണ്. ആയുസ്സും വളരെ വേഗം തീർന്നുപോകുമെന്ന് നീ ഓർമ്മിക്കുക. അഗ്നികൊണ്ട് ചുട്ടുപഴുത്ത ലോഹത്തിൽ വീഴുന്ന വെള്ളത്തുള്ളിപോലെ പെട്ടെന്ന്  നശിച്ചുപോകുന്നതാണ് മനുഷ്യജീവിതം.

പാമ്പിന്റെ വായിലിരിക്കുന്ന തവള ഭക്ഷണത്തിനു ശ്രമിക്കുന്നതുപോലെയാണ് കാലമാകുന്ന പാമ്പിന്റെ വായിലിരിക്കുന്ന മനുഷ്യൻ ഒന്നിലും തൃപ്തിവരാത്ത മനസ്സോടെ സുഖാനുഭവങ്ങൾ തേടുന്നത്.

പുത്രന്മാർ, മിത്രങ്ങൾ, ധനം, ഭാര്യ മുതലായവരോടുള്ള ചേർച്ചയും ക്ഷണികമാണ്. വഴിപോക്കർ ക്ഷീണിക്കുമ്പോൾ വഴിയമ്പലത്തിൽ വന്ന് കുറച്ചുനേരം കഴിച്ചുകൂട്ടിയിട്ട്  പല വഴിക്ക് പിരിഞ്ഞുപോകുന്നതുപോലെയും നദിയിൽക്കൂടി ഉണക്കമരത്തടികൾ കുറെനേരം ഒന്നിച്ചൊഴുകിയിട്ട്  പലവഴി പിരിഞ്ഞുപോകുന്നതുപോലെയും അസ്ഥിരമാണ് മനുഷ്യന് വീട്ടിലുള്ള ഒത്തുചേരൽ. ഐശ്വര്യം മനുഷ്യർക്ക് ശാശ്വതമല്ല. യൗവനവും എന്നും നിലനിൽക്കുകയില്ല. മനുഷ്യർക്ക് ദാമ്പത്യജീവിതം സ്വപ്നം പോലെയാണ്. അതുപോലെ ആയുസ്സും അല്പകാലം മാത്രമാണ്. രാഗാദികൾകൊണ്ട് നിറഞ്ഞതായ ഈ ലോകവും സ്വപ്നതുല്യമാണെന്ന് അല്ലയോ ലക്ഷ്മണാ, നീ മനസ്സിലാക്കുക.

ദേഹം നിമിത്തം മനുഷ്യർക്ക് അഹങ്കാരമുണ്ടാകുന്നു. ആ അഹംഭാവംകൊണ്ട് ഞാൻ ബ്രാഹ്മണനാണ്, ഞാൻ രാജാവാണ്, ഞാൻ ആഢ്യനാണ് എന്നും മറ്റും ആവർത്തിച്ച് പറയുന്ന അവസരത്തിൽത്തന്നെ ആ ശരീരത്തെ ജന്തുക്കൾ ഭക്ഷിച്ച് കാഷ്ഠിച്ചു എന്നുവരാം. അല്ലെങ്കിൽ വെന്തു ചാമ്പലായിപ്പോയി എന്നുവരാം. മണ്ണിലടിഞ്ഞ് കൃമികീടങ്ങളായിത്തീർന്നുവെന്നും വരാം.

അതുകൊണ്ട് മോക്ഷം ലഭിക്കണമെന്ന് ആഗ്രഹിക്കുന്നവർ ഏകാഗ്രമായ മനസ്സോടെ വിദ്യ അഭ്യസിക്കണം.

വിദ്യ അഭ്യസിക്കുന്നതിൽ കാമക്രോധലോഭമോഹാദികൾ ശത്രുക്കളാണെന്നും നീ മനസ്സിലാക്കണം. അവയിൽ മോക്ഷത്തിന് തടസ്സം വരുത്തുന്നതിൽ ഏറ്റവും ശക്തിയുള്ളത് കോപമാണെന്നും നീ അറിയണം.

മനുഷ്യൻ കോപത്തിനടിമപ്പെട്ട് മാതാപിതാക്കളേയും സഹോദരങ്ങളേയും ആത്മമിത്രങ്ങളേയും കൊന്നുകളയുന്നു. കോപം മനോദുഃഖത്തിന് കാരണമായിത്തീരും. മനുഷ്യന് സംസാരബന്ധമുണ്ടാകുന്നതും കോപം കൊണ്ടാണ്. മനുഷ്യന്റെ ധർമ്മത്തെ നശിപ്പിക്കുന്നതും കോപം തന്നെയാണ്. അതുകൊണ്ട് ജ്ഞാനികളായ മനുഷ്യർ കോപം ഉപേക്ഷിക്കണം.

## ഋതുയോഗം - ശ്ലോകവും അർത്ഥവും

മുല പാതി കുടിച്ചുനിൽക്കവേ
ഗളരോമങ്ങൾ പിടിച്ചുലച്ചിതാ
ബലമോടു വലിച്ചിടുന്നിതേ
കളിയാടാനൊരു സിംഹബാലനെ

മുലകുടിച്ചുകൊണ്ടിരുന്ന ഒരു സിംഹക്കുട്ടിയെ കളിക്കാനായി അവന്റെ സടയിൽ പിടിച്ച് വലിച്ചിഴയ്ക്കുകയാണ് ഒരു ബാലൻ.

എരിയാൻ വിറകിന്നു കാത്തിടും
പൊരിയായുള്ളോരു ഹവ്യവാഹന്
ശരിയായി നിനച്ചിടുന്നു ഞാൻ
പെരിയോർക്കുള്ളോരു വീരബാലനെ.

ആളിക്കത്താനായി വിറകിനു കാത്തിരിക്കുന്ന ഒരു തീക്കനൽ പോലെയാണ് ഈ ബാലൻ. അവസരം കിട്ടിയാൽ തന്റെ വീര്യം പ്രകടമാക്കുവാൻ കാത്തിരിക്കുകയാണ് അവൻ എന്നാണ് ദുഷ്ഷന്തൻ അർത്ഥമാക്കുന്നത്. തേജസ്വിയായ ഈ ബാലനെ കാണുന്ന മാത്രയിൽത്തന്നെ ഇവൻ ഏതോ മഹാപുരുഷന്റെ പുത്രനാണെന്ന് മനസ്സിലാകും.

വീര്യം പ്രകടമാക്കാൻ അവസരം കാത്തിരിക്കുന്ന തേജസ്വിയായ ബാലനെ ആളിക്കത്താൻ ഇന്ധനം കാത്തിരിക്കുന്ന തീക്കനലിനോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നതിനാൽ ഇവിടെ ഉപമാലങ്കാരം ഉണ്ട്.

കളിക്കോപ്പേൽക്കാനായ് കുതുകമൊടു നീട്ടീടിന കരം
വിളക്കിച്ചേർത്തോണം വിരൽനിര ഞെരുങ്ങിത്തൊടുകയാൽ
വിളങ്ങുന്നു രാഗം ദൃശമെഴുമുഷസ്സിൽദ്ദലകുലം
തെളിഞ്ഞീടാതൊന്നായ് വിടരുമൊരു തണ്ടാർമലരുപോൽ.

കളിക്കോപ്പ് വാങ്ങുന്നതിനായി നീട്ടിയ ബാലന്റെ കൈകളിൽ ചക്രവർത്തിലക്ഷണം കണ്ട് ദുഷ്ഷന്തമഹാരാജാവ് അദ്ഭുതപ്പെടുന്നു. അവന്റെ കൈവിരലുകൾ വിടവില്ലാതെ ചേർന്നിരിക്കുന്നു. അതിരാവിലെ പാതിവിരിഞ്ഞ് ഇതളുകൾ തിങ്ങിനിൽക്കുന്ന ചെന്താമരപ്പൂവുപോലെയാണ് ആ കൈകൾ കാണപ്പെടുന്നത് എന്നും രാജാവ് പറയുന്നു. ബാലന്റെ വിടവില്ലാതെ വിരലുകൾ

ചേർന്നിരിക്കുന്ന ഇളം കൈകൾ പ്രഭാതത്തിൽ പാതിവിരിഞ്ഞ് ഇതൾതിങ്ങി നിൽക്കുന്ന ചെന്താമരപ്പൂവു പോലെയാണ് എന്നു പറഞ്ഞിരിക്കുന്നതിനാൽ ഇവിടെ ഉപമ എന്ന അലങ്കാരം ഉണ്ട്.

പല്ലിൻമൊട്ടുകൾ ഹേതുവെന്നിയെ ചിരി-
ച്ചൽപം തെളിച്ചും രസി-
ച്ചുല്ലാസത്തൊടു ചൊല്ലിയും ചില വച-
സ്സവ്യക്തമുഗ്ദ്ധാക്ഷരം
അങ്കത്തിൽക്കുതുകത്തൊടേറിയമരും
ബാലന്റെ പൂമേനിമേൽ-
ത്തങ്കും പങ്കമണിഞ്ഞിടുന്നു സുകൃതം
ചെയ്തോരു ധന്യം ജനം.

ആ ബാലൻ മുല്ലമൊട്ടുപോലുള്ള കൊച്ചുപല്ലുകൾ അല്പം കാണിച്ചുകൊണ്ട് കാരണമില്ലാതെ ചിരിക്കുകയും ഉല്ലാസത്തോടെ എന്തൊക്കെയോ അവ്യക്തമായി കൊഞ്ചിപ്പറയുകയും ചെയ്യുന്നു. അവനെ മടിയിൽ കയറ്റി ഇരുത്തുമ്പോൾ അവന്റെ പൂപോലുള്ള ശരീരത്തിലെ ചെളി ആരുടെ ദേഹത്താണോ പുരളുന്നത് അവർ സുകൃതം ചെയ്തവരും ജന്മം ധന്യമായവരുമാകും.

തെറികാട്ടിയാശ്രമവിരുദ്ധവൃത്തി നീ
ചെറുപാമ്പു ചന്ദനമരത്തിനെന്നപോൽ
വെറുതേ വിശുദ്ധതരസത്വസൗമ്യമാം
പിറവിക്കു ദോഷമുളവാക്കിവെക്കൊലാ.

ശുദ്ധവും സൗമ്യവുമായ ചന്ദനമരത്തെ അതിൽ വസിക്കുന്ന പാമ്പിൻകുഞ്ഞ് ദുഷിപ്പിക്കുന്നു. അതുപോലെ ആശ്രമത്തിനു ചേരാത്ത നിന്ദ്യമായ പ്രവൃത്തികൾ ചെയ്ത് അതിവിശുദ്ധവും ശ്രേഷ്ഠവുമായ നിന്റെ ഋഷിവംശത്തിന് നീ ദോഷമുണ്ടാക്കരുത്.

സഹജീവികളെ അലോസരപ്പെടുത്തുന്നത് ആശ്രമനിയമത്തിന് എതിരാണ്. ഇവിടെ സർവ്വദമനൻ മുലകുടിച്ചുകൊണ്ടിരുന്ന സിംഹക്കുട്ടിയെയാണ് കളിക്കാനായി പിടിച്ചുവലിക്കുന്നത്. അത് ആശ്രമനിയമ ലംഘനമാണ് എന്ന് രാജാവ് സൂചിപ്പിക്കുന്നു. ചന്ദനമരത്തെ ദുഷിപ്പിക്കുന്ന ചെറുപാമ്പിനോട് ആശ്രമവിശുദ്ധിയെ കെടുത്തുന്ന ബാലനെ സാദൃശ്യപ്പെടുത്തിയിരിക്കുന്നതിനാൽ ഇവിടെ ഉപമാലങ്കാരം ഉണ്ട്.

ഗോത്രാദിയൊന്നുമറിയാതെയെനിക്കിവന്റെ
ഗാത്രങ്ങളിൽത്തൊടുകയാൽ സുഖമിത്രമാത്രം
എത്രയ്ക്കുവേണമിവനെ പ്രതിപത്തിയോടെ
പുത്രത്വമോർത്തു പുണരുന്നൊരു പുണ്യവാന്?

വംശം ഗോത്രം എന്നിവയൊന്നും അറിയില്ലെങ്കിലും ഈ ബാലന്റെ ശരീരത്തിൽ തൊടുമ്പോൾ എത്രവലിയ സുഖമാണ് എനിക്ക് അനുഭവപ്പെടുന്നത്. അപ്പോൾ പുത്രനെന്ന നിലയിൽ വാത്സല്യത്തോടെ ഇവനെ പുണരുന്ന പിതാവ് അനുഭവിക്കുന്ന സുഖം എത്രമാത്രം വലുതായിരിക്കും.

**ധരണീഭരണത്തിനായി മുന്നം**
**പുരുസൗധങ്ങളിൽ വാണതിന്റെ ശേഷം**
**തരുമൂലഗൃഹസ്ഥരായ്ചരിപ്പൂ**
**പുരുവംശോദ്ഭവരേകപത്നിയോടെ.**

**രാജ്യഭരണത്തിനായി പുരുവംശരാജാക്കന്മാർ വലിയ കൊട്ടാരങ്ങളിൽ താമസിക്കും. രാജ്യം പുത്രനെ ഏല്പിച്ചശേഷം ഏകപത്നീവ്രതരായ ആ രാജാക്കന്മാർ മരച്ചുവടുകളാകുന്ന വീടുകളിൽ വസിക്കുന്നു. വാനപ്രസ്ഥകാലത്തെ രാജാക്കന്മാരുടെ ജീവിതമാണ് ഇവിടെ ദുഷ്ഷന്തൻ സൂചിപ്പിക്കുന്നത്. അങ്ങനെ വാനപ്രസ്ഥമനുഷ്ഠിച്ച തന്റെ വംശത്തിലെ ഏതെങ്കിലും രാജാവിന്റെ പരമ്പരയിൽ പെട്ടവനാകാം തന്റെ ഛായയുള്ള ഈ കുമാരൻ എന്നാണ് ദുഷ്ഷന്തൻ ഉദ്ദേശിക്കുന്നത്.**

**മലിനം വസനദ്വയം, വ്രതത്താൽ**
**മെലിവേറ്റും; കുഴൽകറ്റയൊറ്റയായി;**
**പലനാളിവളുണ്ടു കാത്തിടുന്നൂ**
**ഖലനാമെന്റെ വിയോഗദീക്ഷ സാധ്വി.**

**ദുഷ്ഷന്തൻ താൻമൂലം ശകുന്തളയ്ക്കുവന്നു ചേർന്ന ദുരവസ്ഥയിൽ പശ്ചാത്തപിക്കുകയാണ്. ശകുന്തളയുടെ രണ്ടു വസ്ത്രങ്ങളിലും അഴുക്ക് പുരണ്ടിരിക്കുന്നു. വ്രതംമൂലം ശരീരം മെലിഞ്ഞുണങ്ങിയിരിക്കുന്നു. മനോഹരമായ മുടിയാകെ ജടപിടിച്ച് ഒറ്റക്കട്ടയായിരിക്കുന്നു. സാധ്വിയായ ശകുന്തള ദുഷ്ടനായ തന്റെ വിയോഗവ്രതം മൂലം ഏറെക്കാലമായി കഷ്ടതയനുഭവിക്കുന്നു.**

**മോഹമകന്നു തെളിഞ്ഞേൻ**
**മോഹനതനു! വന്നു നീയുമെന്നരികിൽ**
**രാഹുവിനെ വിട്ടു ചന്ദ്രൻ**
**രോഹിണിയോടടുത്തുചേർന്നു ഭാഗ്യവശാൽ.**

**ഗ്രഹണം കഴിയുമ്പോൾ തന്നെ വിഴുങ്ങിയ രാഹുവിൽ നിന്നും രക്ഷപെട്ട് ചന്ദ്രൻ പ്രിയഭാര്യയായ രോഹിണിയോടു ചേരുന്നു. അതു പോലെ കഷ്ടകാലത്തിൽ ബാധിച്ച മറവിയെ വിട്ട് ഇന്ന് ദുഷ്ഷന്തനും പ്രിയപത്നിയായ ശകുന്തളയോടു ചേർന്നിരിക്കുന്നു. മറവിയിൽ നിന്നും മുക്തനായ തന്റെ മുമ്പിൽ ശകുന്തള പ്രത്യക്ഷപ്പെട്ടിരിക്കുന്നതിനാൽ താൻ അതീവ ഭാഗ്യവാനാണ് എന്ന് ദുഷ്ഷന്തൻ കരുതുന്നു.**

**കഷ്ടകാലം കഴിഞ്ഞ് ദുഷ്ഷന്തൻ ശകുന്തളയോടു ചേർന്നതിനെ ഗ്രഹണം കഴിഞ്ഞ് ചന്ദ്രൻ രോഹിണിയോടു ചേർന്നതിനോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നതിനാൽ അലങ്കാരം ഉപമ.**

**ഇന്നിജ്ജയപ്രാർത്ഥന ഗദ്ഗദത്താൽ**
**മന്ദിക്കിലും ഹന്ത! ഫലിച്ചിതെന്നിൽ,**

താംബൂലരാഗം കലരാതെ നിന്റെ
ബിംബാധരം സുന്ദരി, കാൺകയാലേ.

ശകുന്തളയുടെ വെറ്റിലയുടെ ചുവപ്പ് കലരാത്ത, തൊണ്ടിപ്പഴസമാനമായ ചുണ്ടുകൾ കാണാൻ തനിക്ക് ഭാഗ്യം സിദ്ധിച്ചിരിക്കുന്നു. തൊണ്ടയിടറുകയാൽ മുഴുമിപ്പിക്കാൻ കഴിഞ്ഞില്ലെങ്കിലും ശകുന്തളയുടെ ജയാശംസ തന്നിൽ ഫലം കണ്ടതിനാലാണ് ഇങ്ങനെയൊരു ഭാഗ്യമുണ്ടായത്6 എന്നാണ് ദുഷ്ഷന്തൻ പറയുന്നത്.

തെല്ലും ഞാൻ തള്ളിയെന്നുള്ളൊരു പരിഭവമുൾ-
ക്കൊള്ളൊലാ വല്ലഭേ നീ,
വല്ലാതെന്നുള്ളമന്നാളൊരു മലിനതയേ-
റ്റേറെ മന്ദിച്ചിരുന്നു:
കല്യാണം കൈവരുമ്പോൾ കലുഷമതികളി-
മ്മട്ടിലും ചേഷ്ടകാട്ടും;
മാല്യം മൂർദ്ധാവിലിട്ടാൽ തല കടയുമുടൻ
പാമ്പിതെന്നോതിയന്ധൻ.

പശ്ചാത്താപവിവശനായ ദുഷ്ഷന്തൻ ശകുന്തളയുടെ കാൽക്കൽ വീണ് മാപ്പപേക്ഷിക്കുകയാണ്. "അന്ന് നിന്നെ ഞാൻ തള്ളിപ്പറഞ്ഞതിലുള്ള പരിഭവം നീ ഉപേക്ഷിക്കണേ. ആ സംഭവം നടന്ന സമയത്ത് എന്റെ മനസ്സിനെ ഏതോ ഒരു മന്ദത ബാധിച്ചിരുന്നു. അന്ധന്റെ ശിരസ്സിൽ മാലയണിക്കുമ്പോൾ പാമ്പാണെന്നു തെറ്റിദ്ധരിച്ച് കുടഞ്ഞുകളയുന്നതുപോലെ മനസ്സ് കലുഷിതമായിരിക്കുന്ന സമയത്ത് മംഗളം വന്നു ചേർന്നാലും ആളുകൾ അതിനെ തള്ളിക്കളയും."

മനസ്സ് കലുഷിതമായിരിക്കുന്ന സമയത്ത് മംഗളം വന്നു ചേർന്നാലും ആളുകൾ അതിനെ തള്ളിക്കളയുന്നത് അന്ധന്റെ ശിരസ്സിൽ മാലയണിക്കുമ്പോൾ പാമ്പാണെന്നു തെറ്റിദ്ധരിച്ച് കുടഞ്ഞുകളയുന്നതുപോലെയാണെന്നു പറഞ്ഞിരിക്കുന്നതിനാൽ ഇവിടെ ഉപമാലങ്കാരമുണ്ട്.

സമ്മോഹത്താലവശനതുനാ-
ളേതു ഞാൻ തുള്ളിയായി-
ബ്ബിംബോഷ്ഠത്തിൽ പരിചിനൊട്ടു പതി-
ക്കുന്നതും പാർത്തുനിന്നേൻ,
ഇന്നക്കണ്ണീർ ചുളിവെഴുമിമയ്-
ക്കുള്ളിൽനിന്നേ തുടച്ചി-
ട്ടന്തസ്താപം സുമുഖി, ദയിതേ!
ചെറ്റു ഞാനാറ്റിടട്ടെ.

അന്ന് ഏതോ ബുദ്ധിഭ്രമത്തിലകപ്പെട്ട എനിക്ക് നിന്റെ കണ്ണിൽ നിന്നൊഴുകിയ കണ്ണുനീർ നോക്കിനിൽക്കാനെ കഴിഞ്ഞുള്ളു. അന്നു ചെയ്ത തെറ്റിനു പരിഹാരമായി ഇപ്പോൾ നിന്റെ ഇമകളിൽ തങ്ങിനിൽക്കുന്ന കണ്ണുനീർ തുടച്ചുനീക്കിക്കൊണ്ട് നിന്റെ ദുഃഖത്തെ ഞാൻ അല്പം

**ശമിപ്പിക്കട്ടെ.**
**ഭവതിയുടയ പുത്രനെന്നുമേ പോരിൽ മുമ്പൻ;**
**ഭുവനഭരണകർത്താ ഹന്ത! ദുഷ്ഷന്തനീയാൾ;**
**ഇവനുടെ കുലവില്ലാലസ്തകാര്യം നടന്നി-**
**ട്ടവനു കൊടിയ വജ്രം ഭൂഷണപ്രായമായി.**

**കശ്യപപ്രജാപതി തന്റെ പത്നിയായ അദിതിക്ക് ദുഃഷ്ഷന്തനെ പരിചയപ്പെടുത്തുകയാണ്. "അല്ലയോ ദാക്ഷായണി, ഭവതിയുടെ പുത്രനായ ദേവേന്ദ്രൻ എക്കാലത്തും യുദ്ധത്തിൽ മുമ്പൻ തന്നെയാണ്. നമ്മുടെ മുമ്പിൽ വന്നിരിക്കുന്ന ഈ ആൾ ഭൂമിയിലെ രാജാവായ ദുഷ്ഷന്തനാണ്. ഇദ്ദേഹത്തിന്റെ ആയുധസാമർത്ഥ്യം മൂലം കാര്യമെല്ലാം നടന്നിരിക്കുന്നു. യുദ്ധത്തിൽ ദുഷ്ഷന്തൻ തന്നെ ശത്രുക്കളെയെല്ലാം തോൽപ്പിച്ചിരിക്കുന്നു. അതിനാൽ ദേവേന്ദ്രന്റെ വജ്രായുധം വെറും അലങ്കാരം മാത്രമായിരിക്കുന്നു."**

**പന്ത്രണ്ടായിപ്പിരിഞ്ഞീടിന പെരിയ മഹ-**
**സ്സഞ്ചയത്തിൻ നിദാനം,**
**മന്ത്രാഢ്യം ഹവ്യമേൽക്കുന്നൊരു ജഗദധിപൻ-**
**തന്റെ മാതാപിതാക്കൾ.**
**ബ്രഹ്മാവിൻ പൂർവ്വനാമപ്പരമപുരുഷനും**
**ജന്മദാതാക്കളാകും**
**ശ്രീമന്മാരീചദാക്ഷായിണികളിവർ വിധി-**
**ക്കൊന്നുവിട്ടുള്ള പുത്രർ.**

**ശ്രേഷ്ഠമന്ത്രങ്ങളോട്ടുകൂടിയ ഹോമദ്രവ്യങ്ങൾ സ്വീകരിക്കുന്ന ജഗദധിപനായ ഇന്ദ്രന്റെ മാതാപിതാക്കളാണ് അദിതിയും കശ്യപനും. പന്ത്രണ്ട് ആദിത്യന്മാർക്ക് ആദികാരണവും ഇവരാണ്. ബ്രഹ്മാവിനും മുമ്പ് ജനിച്ച മഹാവിഷ്ണുവിനും ഇവർ മാതാപിതാക്കളായിട്ടുണ്ട്. മഹാവിഷ്ണുവിന്റെ അവതാരമായ വാമനൻ ജന്മമെടുത്തത് കശ്യപന്റെയും അദിതിയുടെയും പുത്രനായാണ്. അത്രയേറെ ശ്രേഷ്ഠരാണ് ബ്രഹ്മാവിന്റെ മാനസപുത്രരായിട്ടുള്ള മാരീചനും ദാക്ഷായണിയും.**

**പുരന്ദരസമൻ കാന്തൻ;**
**ജയന്തസദൃശൻ സുതൻ;**
**ചൊല്ലാമാശിസ്സു മറ്റെന്ത്?**
**പൗലോമീതുല്യയാക നീ!**

**ഇന്ദ്രതുല്യനായ ഭർത്താവും ഇന്ദ്രപുത്രൻ ജയന്തനു തുല്യനായ പുത്രനും ഉള്ള നിനക്ക് മറ്റെന്ത് ആശംസ നൽകാനാണ്! നീ ഇന്ദ്രപത്നിയായ പൗലോമിക്ക് തുല്യയായിത്തീരട്ടെ.**

## പ്രിയദർശനം - ആശയം

1. "കഷ്ടകാലമഖിലം കഴിഞ്ഞു ഹാ!
ദിഷ്ടമീ വടിവിയന്നു വന്നപോൽ
ദൃഷ്ടനായിഹ ഭവാൻ; ഭവാനു പ-
ണ്ടിഷ്ടയാം 'നളിനി' ഞാൻ മഹാമതേ!

എന്റെ കഷ്ടകാലമെല്ലാം കഴിഞ്ഞു. ഭാഗ്യത്തിന് രൂപം കൈവന്നപോലെ അങ്ങയെ എനിക്ക് കാണാൻ കഴിഞ്ഞുവല്ലോ. അല്ലയോ മഹാത്മാവേ, ഞാൻ അങ്ങേയ്ക്ക് പണ്ട് പ്രിയപ്പെട്ടവളായിരുന്ന നളിനിയാണ്.

**********

2. പ്രാണനോടുമൊരുനാൾ ഭവൽപദം
കാണുവാൻ ചിരമഹോ! കൊതിച്ചു ഞാൻ
കേണുവാണിവിടെ, യേകമർഥിയാം
പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ.

മരിക്കുന്നതിനുമുമ്പ് എന്നെങ്കിലുമൊരിക്കൽ അങ്ങയുടെ പാദങ്ങൾ ദർശിക്കുവാൻ കഴിയുമെന്ന പ്രതീക്ഷയോടെ എത്രയോ കാലമായി കരഞ്ഞുകൊണ്ട് ഞാനിവിടെ കഴിയുന്നു. മനസ്സുരുകി പ്രാർത്ഥിക്കുന്നവരുടെ ആഗ്രഹം എന്നെങ്കിലുമൊരിക്കൽ ഈശ്വരൻ സാധിച്ചുകൊടുക്കുമെന്നത് തീർച്ചയാണ്.

**********

3. സന്ന്യസിച്ചളവുമാസ്ഥയാൽ ഭവാൻ
തന്നെയോർത്തിഹ തപസ്സിൽ വാണു ഞാൻ
ധന്യയായ് സപദി കാൺകമൂലമ-
ങ്ങെന്നെ യോർക്കുകിലുമോർത്തിടായ്കിലും."

ഞാൻ സന്യാസം സ്വീകരിച്ചപ്പോഴും അങ്ങയോടുള്ള സ്നേഹം നിമിത്തം അങ്ങയെ ഓർത്തുകൊണ്ടാണ് ഞാൻ കഴിഞ്ഞത്, അങ്ങ് എന്നെ ഓർക്കുന്നെങ്കിലും ഇല്ലെങ്കിലും. ഇന്ന് അപ്രതീക്ഷിതമായി അങ്ങയെ കാണാൻ കഴിഞ്ഞതു നിമിത്തം ഞാൻ ഭാഗ്യവതിയാണ്.

**********

4. ഏവമോതിയിടരാർന്നു കണ്ണുനീർ
തൂവിനാൾ മൊഴി കുഴങ്ങി നിന്നവൾ.
ഭാവശാലികൾ പിരിഞ്ഞുകൂടിയാ-
ലീവിധം വികലമാം സുഖോദയം.

ഇപ്രകാരം പറഞ്ഞുകൊണ്ടിരുന്ന നളിനിയുടെ കണ്ണുകളിൽ നിന്നും കണ്ണുനീർ ധാരധാരയായി ഒഴുകി. തുടർന്നു പറയാനാകാതെ അവൾ വിഷമിച്ചു നിന്നുപോയി. സ്നേഹിച്ചിരുന്നവർതമ്മിൽ ദീർഘകാലത്തെ വേർപാടിനുശേഷമുള്ള കണ്ടുമുട്ടൽ വികാരസാന്ദ്രവും തീവ്രവുമായിരിക്കും. ആ സന്തോഷം ഇത്തരത്തിൽ വികലമായിരിക്കുന്നത് അതുകൊണ്ടാണ്.

**********

5. ധീരനായ യതി നോക്കി തമ്പിതൻ
ഭൂരിബാഷ്പപരിപാടലം മുഖം,

പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ
ധാരയാർന്ന പനിനീർസുമോപമം.

കണ്ണീരൊഴുകി, ചുവന്നുതുടുത്ത അവളുടെ മുഖത്തേക്ക് ധീരനായ ആ സന്യാസി നോക്കിനിന്നു. പ്രഭാതസൂര്യന്റെ വെളിച്ചത്തിൽ മഞ്ഞുതുള്ളികൾ വീണൊഴുകി ശോഭയോടെ വിടർന്നു നിൽക്കുന്ന പനിനീർപ്പൂവിന് തുല്യമായിരുന്നു അവളുടെ മുഖം.

ദിവാകരനെ കണ്ടുമുട്ടിയതിലുള്ള സന്തോഷവും തന്നെ ദിവാകരൻ തിരിച്ചറിയാത്തതിലുള്ള സങ്കടവും നളിനിക്കുണ്ട്. കണ്ണുകൾ നിറഞ്ഞൊഴുകിയതിനും മുഖം ചുവന്നുതുടുത്തതിനും കാരണമതാണ്. സൂര്യന്റെ കിരണങ്ങൾ പതിക്കുമ്പോഴാണ് പനിനീർപ്പൂവ് വിടരുന്നത്. ദിവാകരന്റെ സാന്നിദ്ധ്യം നളിനിയേയും സന്തോഷിപ്പിക്കുന്നു. പൂവിതളുകളിൽ പറ്റിയിരിക്കുന്ന മഞ്ഞുകണങ്ങൾക്കു സമാനമാണ് നളിനിയുടെ കണ്ണുനീർത്തുള്ളികൾ. നളിനിയുടെ സൂര്യൻ ദിവാകരനാണ്. സൂര്യന്റെ സാന്നിദ്ധ്യം മഞ്ഞുതുള്ളികളെയെന്നപോലെ ദിവാകരന്റെ സാന്നിദ്ധ്യം നളിനിയുടെ കണ്ണീരിനെയും മായിച്ചുകളയും. ദിവാകരന്റെ സാന്നിദ്ധ്യം നളിനിക്ക് അമിതാനന്ദം നൽകിയെന്ന് ഈ ഉപമയിലൂടെ ധ്വനിപ്പിച്ചിരിക്കുന്നു. സൂര്യകിരണമേറ്റ മഞ്ഞുതുള്ളികൾ നീരാവിയായിപ്പോകുന്നതുപോലെ നളിനിയുടെ ദുഃഖം അകന്ന് അവൾക്ക് ആനന്ദം കൈവരുമെന്ന് ഈ ഉപമയിൽ വ്യക്തമാകുന്നു.

**********

6. ആരതെന്നുടനറിഞ്ഞു കൗതുകം
പാരമാർന്നു കരുതിപ്പുരാഗതം,
ചാരുശൈശവകഥയ്ക്കുതന്നെ ചേർ-
ന്നോരുവാക്കരുളിനാൻ കനിഞ്ഞവൻ.

നളിനിയെ ദിവാകരൻ തിരിച്ചറിഞ്ഞു. പഴയ കാര്യങ്ങളെക്കുറിച്ചോർത്ത് സന്തോഷിച്ചു. ഹൃദ്യമായിരുന്ന ബാല്യകാലത്തിന്റെ മാധുര്യത്തിന് അനുയോജ്യമായ വാക്കുകളാണ് ദിവാകരൻ പിന്നീട് നളിനിയോടു പറഞ്ഞത്.

**********

7. "പാരവും പരിചയംകലർന്നെഴും
പേരുമീ മധുരമായ കണ്ഠവും
സാരമായ് സ്മൃതിയിൽ നീയുമിപ്പൊൾ നിൻ
ദൂരമാം ഭവനവും വരുന്നയേ!

എനിക്ക് ഏറെ പരിചയമുള്ള ഈ പേരും മാധുര്യമുള്ള ഈ ശബ്ദവും നീയും മാത്രമല്ല, അങ്ങകലെയുള്ള നിന്റെ വീടും എന്റെ ഓർമ്മയിൽ കടന്നുവരുന്നു.

**********

8. കണ്ടുടൻ സ്വയമറിഞ്ഞിടാത്തതോർ-
ത്തിണ്ടൽവേണ്ട സഖി! കേണിടേണ്ടകേൾ,
പണ്ടു നിന്നെയൊരിളം കുരുന്നതായ്
കണ്ടു ഞാൻ, സപദി വല്ലിയായി നീ

കണ്ടയുടനെ നിന്നെ തിരിച്ചറിയാത്തതിൽ അല്ലയോ സഖി, നീ ദുഃഖിച്ചു കരയേണ്ട. അന്നു ഞാൻ കാണുമ്പോൾ നീ ഒരിളം കുരുന്നായിരുന്നു. ഇന്നാകട്ടെ വല്ലിയായി മാറിക്കഴിഞ്ഞു. ശൈശവത്തിൽ താൻ കണ്ടിരുന്ന നളിനി ഇന്ന് പ്രായപൂർത്തിയായ യുവതിയായി മാറിക്കഴിഞ്ഞു. വല്ലി പൂത്തുലഞ്ഞു നിൽക്കുന്നതുപോലെ യൗവ്വനം അവളെ അണിയിച്ചൊരുക്കിയിരിക്കുന്നു. വളർച്ചയിൽ സംഭവിച്ച ഈ വ്യത്യാസം കൊണ്ടാണ് താൻ അവളെ തിരിച്ചറിയാതെ പോയതെന്ന് ദിവാകരൻ പറയുന്നു.

**********

9. എന്നിൽ നിന്നണുവുമേൽക്കിലപ്രിയം
നിന്നു കേഴുമയി! കണ്ടിട്ടുന്നതേ
നിന്നിലിപ്രണയചാപലത്തെ ഞാ-
നന്നുമിന്നുമൊരുപോലെ വത്സലേ.

അക്കാലത്ത് എന്നിൽനിന്ന് ചെറിയൊരു അപ്രിയം ഉണ്ടായാൽപ്പോലും നീ കരയുമായിരുന്നു. വൽസലേ, സ്നേഹംകൊണ്ടുണ്ടാകുന്ന ദൗർബല്യം അന്നും ഇന്നും ഒരുപോലെ നിന്നിൽ കാണുന്നു. കാലമിത്രയായിട്ടും നളിനിയുടെ പ്രണയചാപല്യത്തിനു മാത്രം മാറ്റമൊന്നും വന്നിട്ടില്ലെന്നു സാരം.

**********

10. പോയതൊക്കെയഥവാ നമുക്കയേ,
പ്രായവും സപദി മാറി കാര്യവും
ആയതത്വമറിവിന്നുമാർന്നു,-പോ
ട്ടായതെന്തിവിടെ വാണിടുന്നു നീ:

കഴിഞ്ഞുപോയതെല്ലാം കഴിഞ്ഞു. നമ്മുടെ പ്രായവും മറ്റു കാര്യങ്ങളുമെല്ലാം മാറിയിരിക്കുന്നു. നമ്മുടെ അറിവും വർദ്ധിച്ചിരിക്കുന്നു. അതെല്ലാം പോകട്ടെ നീ എന്തിനാണ് ഇവിടെ താമസിക്കുന്നത്?

**********

11. ഓതുകിന്നതഥവാ വൃഥാ ശുഭേ!
ഹേതു കേൾക്കുവതൊരർത്ഥമേതിനോ
നീ തുനിഞ്ഞു-നിജകർമ്മനീതരാ-
യേതുമാർഗ്ഗമിയലാ ശരീരികൾ!

അല്ലയോ മംഗളസ്വരൂപിണി, നീ എന്തിനാണ് ഇവിടെ വസിക്കുന്നതെന്ന കാര്യം പറയുക. ഒരുപക്ഷേ, അതിന്റെ കാരണം അന്വേഷിക്കുന്നത് വെറുതെയാണ്. ഏതോ കാര്യത്തിനുവേണ്ടി നീ തുനിഞ്ഞുവെന്നു കരുതിയാൽ മതി. ജീവികൾ അവയുടെ കർമ്മപ്രേരണ നിമിത്തം ഏതു മാർഗ്ഗമാണ് സ്വീകരിക്കാത്തത്?

ഓരോരുത്തരും അവനവന്റെ കർമ്മഗതി അനുസരിച്ചാണ് മുന്നോട്ടുപോകുന്നത്. അതുകൊണ്ട് അതിന്റെ കാരണമന്വേഷിക്കുന്നത് വെറുതെയാണെന്ന് യോഗി കരുതുന്നു. നളിനിയും അങ്ങനെ സ്വകർമ്മപ്രേരിതമായ മാർഗ്ഗം സ്വീകരിച്ചുവെന്നു മാത്രം.

**********

12. പിന്നെയൊന്നൊരുപകാരമേതിനോ,

**യെന്നെയോർത്തു സഖി, ഏതതോതുക,**
**അന്യജീവനുതകി സ്വജീവിതം**
**ധന്യമാക്കുമമലേ വിവേകികൾ.“**

**അല്ലയോ സഖി, ഞാൻ ഒരു കാര്യം കൂടി ചോദിക്കട്ടെ, നീ എന്നെയോർത്ത് തപസ്സുചെയ്തുകൊണ്ട് ഇവിടെ കഴിഞ്ഞുവെന്നു പറഞ്ഞല്ലോ. എന്തുപകാരമാണ് നീ എന്നിൽനിന്ന് പ്രതീക്ഷിക്കുന്നത്? വിവേകികളായ ആളുകൾ സ്വന്തം ജീവിതം അന്യർക്ക് ഉപകാരപ്രദമായ രീതിയിൽ വിനിയോഗിച്ച് കൃതകൃത്യരാകും. നളിനിക്കു വേണ്ടി എന്തെങ്കിലും ചെയ്യേണ്ടതുണ്ടെങ്കിൽ തികച്ചും സന്തോഷത്തോടെ താനതു ചെയ്യുമെന്നാണ് ദിവാകരൻ പറയുന്നത്. 'പരോപകാരാർത്ഥമിദം ശരീരം' എന്ന ആശയമാണ് ദിവാകരൻ ഇവിടെ വെളിപ്പെടുത്തുന്നത്.**

## പ്രലോഭനം

**ആശയം:**

**ഉണ്ണായിവാര്യരുടെ നളചരിതം ആട്ടക്കഥ രണ്ടാം ദിവസത്തിലെ മൂന്നാം രംഗമാണ് 'പ്രലോഭനം' എന്ന പേരിൽ നൽകിയിരിക്കുന്നത്. മഹാഭാരതം വനപർവ്വത്തിലെ നളോപാഖ്യാനമാണ് നളചരിതം ആട്ടക്കഥയുടെ ഇതിവൃത്തമായി സ്വീകരിച്ചിരിക്കുന്നത്. ഇതിനെ നാലുദിവസം കൊണ്ട് ആടാൻ കഴിയുന്ന രീതിയിലാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. ആട്ടക്കഥാപ്രസ്ഥാനത്തിന് സാഹിത്യത്തിൽ മഹത്തായ ഒരു സ്ഥാനം നേടിക്കൊടുത്ത കൃതിയാണിത്. ജീവിതത്തിന്റെ ഉദ്വേഗപൂർണ്ണമായ പരിണാമവൈചിത്ര്യത്തെ തികച്ചും നാടകീയമായൊരു രൂപവിധാനത്തോടെ ഇതിൽ ആവിഷ്കരിച്ചിരിക്കുന്നു.**

**പാഠസന്ദർഭം**

**നിഷധരാജ്യത്തെ രാജാവായിരുന്ന നളൻ. ഒരിക്കൽ നാരദമുനിയിൽ നിന്ന് കുണ്ഡിനപുരത്തിലെ ഭീമരാജാവിന്റെ മകൾ ദമയന്തിയെക്കുറിച്ച് കേൾക്കാനിടയായി. നളന് ദമയന്തിയിൽ അനുരാഗമുദിച്ചു. അതേസമയം അച്ഛന്റെ രാജസദസിൽ എത്തിച്ചേർന്ന പലരിൽ നിന്നും ദമയന്തിയും നളനെക്കുറിച്ച് കേട്ടറിഞ്ഞ് അദ്ദേഹത്തിൽ അനുരക്തയാവുന്നു. നാളുകൾക്കുശേഷം നളന്റെ ഉദ്യാനത്തിലെത്തുന്ന ഒരു ഹംസത്തെ നളൻ ദമയന്തിയുടെ അടുത്തേക്ക് ദൂതനായി അയക്കുന്നു. ദമയന്തിക്ക് നളനോട് അനുരാഗമുണ്ടെന്ന് ഹംസം തന്ത്രപൂർവ്വം മനസ്സിലാക്കുന്നു. ഇതറിഞ്ഞ നളൻ സന്തോഷിക്കുകയും ദമയന്തിയുടെ സ്വയംവരം പ്രഖ്യാപിച്ചപ്പോൾ അതിൽ പങ്കെടുക്കാൻ പുറപ്പെടുകയും ചെയ്തു. വഴിമദ്ധ്യത്തിലും സ്വയംവരവേളയിലും നളോദ്യമത്തിന് തടസ്സമായി നിന്ന ഇന്ദ്രാദിദേവന്മാരെ അനുനയിപ്പിച്ച് അവരുടെ മുന്നിൽ വച്ചുതന്നെ ദമയന്തി നളനെ വരിക്കുന്നു. ദേവന്മാർ നളദമയന്തിമാരെ അനുഗ്രഹിച്ച് യാത്രയാകുന്നു. ഭൂമിയിലേക്ക് യാത്രതിരിച്ച കലി ദമയന്തീസ്വയംവരം കഴിഞ്ഞതും അവൾ നളനെ വരിച്ചതും ദേവന്മാരിൽ നിന്നും അറിയുന്നു. സ്വയംവരത്തിന് കൃത്യസമയത്ത്**

എത്താൻ കഴിയാത്തതിലുള്ള ദുഃഖവും ദമയന്തിയെ കിട്ടാത്തതിലുള്ള നിരാശയും കൊണ്ട് കലി കുപിതനായി. നളദമയന്തിമാരെ തമ്മിലകറ്റി രാജ്യത്തിനു പുറത്താക്കുമെന്ന് ദേവന്മാരുടെ മുമ്പിൽ വച്ചുതന്നെ കലി ശപഥം ചെയ്യുന്നു. ഇതിനായി നളസഹോദരനായ പുഷ്കരനെ ഉപയോഗപ്പെടുത്താനാണ് കലി തീരുമാനിച്ചത്. ഈ ഉദ്യമവുമായി കലി ദ്വാപരനോടൊപ്പം പുഷ്കരനെ സമീപിക്കുകയും പ്രലോഭിപ്പിക്കുകയും ചെയ്യുന്ന രംഗമാണ് പാഠഭാഗം.

പാഠഭാഗത്തിന്റെ ആശയം

കോപത്തിനും മത്സരത്തിനും വശംവദനായ കലി ദ്വാപരനോടുകൂടെ ഭൂമിയിലേക്കു ചെല്ലുന്നു. ജളനായ പുഷ്കരനെ അന്യന്റെ ധനം അപഹരിക്കാൻ കലി പ്രേരിപ്പിച്ചു. ഇത് തനിക്കുതന്നെ ആപത്തായി ഭവിക്കുമെന്ന് ജളനായതുകൊണ്ട് പുഷ്കരന് മനസ്സിലായില്ല. 'സ്വാപദേ', 'സ്വാപതേയ' എന്നീ പദങ്ങൾ ഭിന്നാർത്ഥത്തിൽ പ്രയോഗിച്ചപ്പോഴുണ്ടായ കാവ്യഭംഗി ശ്രദ്ധേയമാണ്. സമാനമായ അക്ഷരക്കൂട്ടത്തെ വെവ്വേറെ അർത്ഥത്തിൽ കവിതയിൽ ആവർത്തിക്കുന്നത് യമകം എന്ന ശബ്ദാലങ്കാരമാണ്.

അരികിൽ വന്നു നിന്നതാരാണ്? എന്തുവേണം? എല്ലാം വേഗം പറയുക എന്നാണ് കലിദ്വാപരന്മാരോട് പുഷ്കരൻ പറയുന്നത്. വന്നുനിന്നതാരെന്നറിയാൻ പുഷ്കരൻ മുഖം ഉയർത്തിനോക്കുന്നില്ല. തന്നെ കണ്ടിട്ട് ആർക്കും ഒരു കാര്യവുമില്ല. മറ്റെന്തെങ്കിലും ആവശ്യത്തിനായി തന്റെ അടുത്തുകൂടിപോയ ആളുടെ അനക്കമാവാം തന്റെ ശ്രദ്ധയിൽപ്പെട്ടത് എന്നും പുഷ്കരൻ വിചാരിച്ചിരിക്കാം. പക്ഷേ ഇതിപ്പോൾ അരികിലെത്തിയിട്ട് 'നിന്നി' രിക്കുന്നു. എന്നുവച്ചാൽ തന്നെ കാണാൻ തന്നെ എന്ന് നിശ്ചയം. തന്നെക്കൊണ്ട് ആർക്കോ ഒരാവശ്യമുണ്ടായിരിക്കുന്നു. അതുകാണ്ട് 'എന്തഭിമതം' എന്ന ചോദ്യം കൂടി ഒപ്പമുണ്ടായി. ഇങ്ങനെ രണ്ട് അന്വേഷണങ്ങൾ ഒന്നിച്ച് നടത്തി എങ്കിലും അത് അത്ര താല്പര്യത്തോടെ അല്ല എന്നു സൂചിപ്പിക്കുന്നു അടുത്തഭാഗം. 'അഖിലമാശു ചൊല്ക' - 'എല്ലാം പറയണം' 'വേഗം പറയണം'. ഉപദ്രവിക്കാതെ വേഗം പറഞ്ഞുതുലയ്ക്ക് എന്നോ മറ്റോ പറഞ്ഞാലത്തെ പ്രതീതിയാണ് ആ വാക്കുകൾ ഉളവാക്കുന്നത്. പരിചയമില്ലെങ്കിലും നേരെ അടുത്തേക്കു വന്നവരെ കണ്ടതിനാൽ മനസ്സിൽ പെട്ടെന്ന് ഒരു സന്തോഷമുണ്ടായി. ഇന്നുവരെ ഉണ്ടാകാത്ത അനുഭവമാകയാൽ പുഷ്കരൻ ആലസ്യം വിട്ടുണർന്നു എന്നർത്ഥം. ഭൂലോകവാസികൾ നളനെച്ചെന്നുകാണുകയും അവർക്കുവേണ്ടതെല്ലാം നളൻ സാധിച്ചു കൊടുക്കുകയും ചെയ്യും. നമ്മെക്കാണാൻ വിദൂരങ്ങളിൽ നിന്ന് ആരും വരാറില്ല. ഇതാണ് ഇവിടുത്തെ പതിവ് എന്നൊരു സൂചനകൂടി ഇതിലുണ്ട്.

'നാട്ടും നഗരവും രാജചിഹ്നങ്ങളായ വെൺകൊറ്റക്കുടയും ചാമരവുമൊന്നും നമുക്കില്ല. ശത്രുരാജാക്കന്മാരെ അമർച്ചചെയ്യാൻ വേണ്ട സൈന്യവുമില്ല. കേവലം ക്ഷത്രിയൻ എന്ന പേരുമാത്രമേ തനിക്കുള്ളൂ'. പതിവില്ലാത്ത ഒരനുഭവമായതുകൊണ്ട് അല്പമൊരുന്മേഷം തോന്നിയതിനാൽ പുഷ്കരന്റെ ഉള്ളിലുള്ള വിചാരങ്ങൾ ഇങ്ങനെ വാക്കുകളായി പുറത്തേക്കുവന്നു. പക്ഷേ, പെട്ടെന്നു തോന്നി, അതു വേണ്ടായിരുന്നു എന്ന്. തുടർന്ന് യാഥാർത്ഥ്യബോധത്തോടെ തന്റെ അവസ്ഥ മനസ്സിലാക്കിക്കൊണ്ട് ചിലതുപറയുന്നു. ഒരു പ്രയോജനവുമില്ലാതെ ഞാൻ എന്തിനാണ് പലതും പറഞ്ഞുകേൾപ്പിക്കുന്നത്. നളന്റെ കർമ്മം ഒന്ന്, എന്റെ കർമ്മം മറ്റൊന്ന്. അതിരിക്കട്ടെ നമ്മെക്കൊണ്ട് എന്തുപകാരമാണ് നിങ്ങൾക്കു വേണ്ടത്?' എന്നു പുഷ്കരൻ ചോദിക്കുന്നു. ഇവിടെ അയാളുടെ നിസ്സഹായതയും ഒളിഞ്ഞിരിക്കുന്ന അസൂയയും പ്രകടമാകുന്നു.

പുഷ്കരന്റെ ഈ വാക്കുകളിൽ നിന്നുതന്നെ നമുക്ക് അയാളുടെ മനസ്സ് വായിച്ചെടുക്കാം.

**അത്യന്തം അസൂയാലുവും അസംതൃപ്തനുമാണ് പുഷ്കരൻ. നളൻ പ്രജാക്ഷേമതല്പരനാകയാൽ സകലജനങ്ങളുടെയും ആരാധനാപാത്രവുമാണ്. സുന്ദരീരത്നമായ ദമയന്തിയോടൊപ്പം ഐശ്വര്യവാനായിക്കഴിയുന്നു. താനും രാജകുടുംബാംഗമാണെന്നു പറഞ്ഞിട്ടെന്തുകാര്യം? അധികാരമില്ലായ്കയാൽ നളനെ എന്നപോലെ തന്നെ ആരും കാണാൻ വരുന്നില്ല. അങ്ങനെ ആകെക്കൂടി ഒരു മങ്ങലോടെ അലസതയിൽ മുഴുകിക്കഴിയുന്ന പുഷ്കരന്റെ മാനസികാവസ്ഥ ധ്വനിപ്പിക്കുന്നതാണ് അയാളുടെ ഈ വാക്കുകൾ.**

**തങ്ങളുടെ പദ്ധതി വിജയിപ്പിക്കാൻ ഏറ്റവും പറ്റിയ മാനസികാവസ്ഥയിലാണ് പുഷ്കരൻ എന്നു മനസ്സിലാക്കിയ കലി അയാൾക്ക് ഏറെ 'ആശയും ആവേശവും' നൽകി പ്രലോഭിപ്പിക്കാൻ ശ്രമിക്കുന്നു. വെറുതെ ജന്മം പാഴാക്കരുത് എന്ന് പുഷ്കരനോട് കലി ഉപദേശിക്കുന്നു. ശ്രമിച്ചാൽ നിനക്ക് പലതും നേടാൻ കഴിയും എന്നു സാരം. ഇവിടുത്തെ 'പഴുതേ' എന്ന വാക്കിന് സാമാന്യാർത്ഥത്തിനപ്പുറം അർത്ഥവ്യാപ്തി കൈവരുന്നത് അതുകൊണ്ടാണ്. കലിയുടെ വാക്കുകൾ ശ്രദ്ധിക്കുക. 'പുഷ്കരാ, നിന്റെ ജന്മം പാഴാക്കാനുള്ളതല്ല. ശ്രമിച്ചാൽ നിനക്ക് പലതും നേടാൻ കഴിയും. എന്റെ സഹായം ലഭിച്ചാൽ ആർക്കും നേടാൻ കഴിയാത്തതായി ഒന്നുമില്ല. നളനും നീയും തമ്മിൽ വ്യത്യാസമൊന്നുമില്ല. അതിനാൽ ഇപ്പോൾത്തന്നെ നളനെ തോൽപ്പിച്ച് നീ രാജാവാകുക. ഇനി ഒന്നും ഒളിക്കാതെ ഞാനാരാണെന്ന് നിന്നോട് തുറന്നു പറയാം. ഭൂമിയിൽ എന്നെ അറിയാത്തവരായി ആരുംതന്നെയില്ല. വീരസേനപുത്രനായ നളന്റെ ശത്രുവായ കലിയാണ് ഞാൻ. എന്നാൽ നിനക്ക് ഞാൻ മിത്രമാണ്. അവന്റെ രാജ്യം ഞാൻ നിനക്ക് തരുന്നു. അതിനായി നീ ധൈര്യമായി ചൂതാട്ടത്തിലേർപ്പെടാൻ പോരൂ'.**

**കലി തുടരുന്നു. 'നീ എന്റെ അഭിപ്രായത്തിൽ ഉറച്ചു നിൽക്കണം. അങ്ങനെ നിന്നാൽ നിനക്ക് വിജയം ഉറപ്പാണ്. ചൂതിൽ പണയം വയ്ക്കാൻ വിലപിടിപ്പുള്ള വസ്തുക്കളൊന്നുമില്ല എന്നാണെങ്കിൽ ഈ എന്നെത്തന്നെ പണയം വച്ചുകൊള്ളുക. ധനധാന്യാദികളും രാജ്യവും എല്ലാം കൈക്കലാക്കിയിട്ട് നളനെ കാട്ടിലേക്ക് അയയ്ക്കുക'. വിഡ്ഢിയായ പുഷ്കരനെ ക്രൂരനും അധാർമികനുമായ കലി ഇങ്ങനെ പ്രലോഭിപ്പിച്ചാണ് നളദമയന്തിമാരെ കാട്ടിലയക്കാനുള്ള തന്ത്രമൊരുക്കുന്നത്.**

## അശ്വമേധം

**ആശയം:**

**മനുഷ്യന്റെ സർഗ്ഗശക്തിയിൽ അടിയുറച്ചുവിശ്വസിച്ച കവിയായിരുന്നു വയലാർ രാമവർമ്മ. മനുഷ്യകുലം സഹസ്രാബ്ദങ്ങളിലൂടെ സൃഷ്ടിച്ചെടുത്ത സംസ്കാരവും നേടിയ ശാസ്ത്രജ്ഞാനവും വയലാറിനെ എക്കാലവും ആവേശം കൊള്ളിച്ചിരുന്നു. മനുഷ്യഭാവനയുടെ മഹത്തായ സൃഷ്ടിശക്തി വയലാറിന്റെ പല കവിതകൾക്കും വിഷയമായിട്ടുണ്ട്. ആദിമകാലം മുതൽ മനുഷ്യനെ അജയ്യനാക്കി നിർത്തുന്ന ആ സർഗ്ഗശക്തിയെ പാടിപ്പുകഴ്ത്തുന്ന കവിതയാണ് 'അശ്വമേധം'.**

**'അശ്വമേധം' എന്ന കവിതയിൽ കവി തന്റെ സർഗ്ഗശക്തിയെ കുതിരയായി കല്പിക്കുകയാണ്. രാജാക്കന്മാർ ദിഗ്വിജയത്തിനായി അശ്വത്തെ അഴിച്ചുവിടുന്നതുപോലെ കവിയും ലോകത്തെ ജയിക്കാനായി തന്റെ സർഗ്ഗശക്തിയാകുന്ന അശ്വത്തെ അഴിച്ചുവിടുകയാണ്. ഈ കുതിരയുടെ മാർഗ്ഗം മുടക്കുവാനും അതിനെ പിടിച്ചുകെട്ടുവാനും ആർക്കും സാധിക്കുകയില്ല എന്ന ഉറച്ച വിശ്വാസം കവി പ്രകടിപ്പിക്കുന്നു. മനുഷ്യമനസ്സിലെ ഭാവനാപ്രചോദിതമായ സർഗ്ഗശക്തിയെ**

യാതൊരു ബാഹ്യശക്തിക്കും നിയന്ത്രിക്കുവാനോ തടയുവാനോ കഴിയുകയില്ല എന്ന സത്യമാണ് ഇവിടെ വെളിവാകുന്നത്. ഉന്നതമായ ഭാവനയിൽ നിന്നുയിർകൊള്ളുന്ന കലാസൃഷ്ടികൾ കാലദേശാതീതമായി ജനമനസ്സുകളെ കീഴടക്കിക്കൊണ്ടിരിക്കുന്നു. അങ്ങനെ കലാകാരന്മാർ കാലത്തിലൂടെ ദിഗ്വിജയയാത്ര തുടരുന്നു. ലോകസംസ്കാര വേദിയിലാണ് കവി തന്റെ പുതിയ അശ്വമേധം നടത്തുന്നത്. കലാകാരന്മാർ സംസ്കാരത്തിന്റെ സ്രഷ്ടാക്കളും നിയന്താക്കളുമാണ്. മാനവരാശിയുടെ ചിന്താഗതിയെയാകെ മാറ്റിമറിച്ചത് സാഹിത്യകാരന്മാരുടെയും ചിന്തകന്മാരുടെയും മനസ്സിലുണർന്ന ചിന്തകളാണ്.

സർഗ്ഗശക്തിയാകുന്ന തന്റെ കുതിരയെ വർണ്ണിക്കുകയാണ് കവി പിന്നീട് ചെയ്യുന്നത്. ശിരസ്സുയർത്തി അഭിമാനത്തോടെ പായുകയാണ് ആ ചെമ്പൻകുതിര. ശക്തിയുടെയും അജയ്യതയുടെയും ജാഗ്രതയുടെയും പ്രതീകമാണ് ചെമ്പൻ കുതിര. അതിന്റെ കണ്ണുകളിൽ അത്യധികമായ ഉത്സാഹം തിരതല്ലുന്നു. കാലുകളിൽ അടക്കാനാവാത്ത ശക്തി കുടികൊള്ളുന്നു. അനേകകോടി തലമുറകളിലൂടെ നേടിയെടുത്താതാണ് മനുഷ്യന്റെ അജയ്യമായ സർഗ്ഗശക്തി. പ്രകൃതിയോട് മല്ലിട്ട് നേടിയെടുത്തതാണ് മനുഷ്യന്റെ ഈ കഴിവുകൾ. മന്ത്രതന്ത്രങ്ങളുടെയോ പീലിവിരിച്ചാടുന്ന മയിലിന്റെ മായിക നൃത്തത്തിന്റെയോ മണ്ഡലമല്ല സർഗ്ഗശക്തിയുടെ വ്യാപാരമണ്ഡലം. അനേകകോടി നൂറ്റാണ്ടുകൾക്കുമുമ്പ് കവിയുടെ മുതുമുത്തശ്ശന്മാർ കാടിനുള്ളിൽ വച്ചാണ് സർഗ്ഗശക്തിയാകുന്ന ഈ കുതിരയെ കണ്ടെത്തിയത്. മുത്തശ്ശിമാർ കാട്ടുപുൽത്തണ്ടു നൽകി അവയെ വളർത്തി. കാട്ടുചോലകളുടെ പാട്ടുകൾ ഏറ്റുപാടി പഠിച്ചവരായിരുന്നു ആ മുത്തശ്ശിമാർ. ചരിത്രമുറങ്ങുന്ന മണ്ണിലൂടെയാണ് കുതിര കുതിച്ചുപായുന്നത്. അതിന്റെ കുളമ്പടികൾ നിരവധി ശവകുടീരങ്ങളിൽ നൃത്തംവച്ചിട്ടുണ്ട്. അഹങ്കാരികളും പ്രതാപികളുമായ എത്രയോ രാഷ്ട്രങ്ങളുടെ കോട്ടകൊത്തളങ്ങൾ പിന്നിട്ടാണ് ആ കുതിരയുടെ യാത്ര. വിവിധയുഗങ്ങളിൽ മുത്തുപതിച്ചകുണകൾ പോലെ കുത്തി നിറുത്തിയിരുന്ന എത്രയെത്ര കൊറ്റക്കുടകളും ഭരണകൂടങ്ങളുമാണ് ആ കുളമ്പടിയേറ്റ് നിലംപതിച്ചത്.

കുഞ്ചിരോമങ്ങൾ തുള്ളിച്ചുകൊണ്ട് പായുന്ന ഈ കുതിരയെ പണ്ട് ദൈവം കടിഞ്ഞാണുമായി വന്ന് സവാരിക്കായി കൊണ്ടുപോയി. ആദ്യകാലത്ത് മനുഷ്യന്റെ സർഗ്ഗവ്യാപാരം ദൈവമെന്ന സങ്കല്പത്തെ ചുറ്റിപ്പറ്റിയായിരുന്നു എന്നാവാം കവി സൂചിപ്പിക്കുന്നത്. ആദിമ മനുഷ്യസമൂഹങ്ങളുടെ വിജ്ഞാനശേഖരങ്ങളായ വേദങ്ങളും ഉപനിഷത്തുകളും ഈശ്വരസ്തുതികളുടെ, ഈശ്വരാന്വേഷണത്തിന്റെ വാഹനങ്ങളായിരുന്നല്ലോ.

പിന്നീട് അധികാരോന്മത്തരായ രാജാക്കന്മാർ സേനകളുമായി പടപ്പാളയങ്ങളിൽ വന്നുനിന്ന് കുതിരയെ മെരുക്കാൻ ശ്രമിച്ചു. കാലാകാരന്മാർക്ക് അഭയം നൽകിയും അവരെ സമ്മാനങ്ങൾകൊണ്ട് പ്രലോഭിപ്പിച്ചും സ്വാധീനിക്കാൻ രാജാക്കന്മാർ എക്കാലത്തും ശ്രദ്ധചെലുത്തിയിട്ടുണ്ട്. വിക്രമാദിത്യന്റെ നവരത്നപണ്ഡിതസദസ്സും, കൃഷ്ണദേവരായരുടെ പണ്ഡിതസഭയും, മാനവിക്രമൻ സാമൂതിരിയുടെ പതിനെട്ടരക്കവിസദസ്സുമെല്ലാം നമുക്കിവിടെ അനുസ്മരിക്കാം. സമകാലികരായ കലാകാരന്മാരിലൂടെ എത്രയോ രാജാക്കാന്മാരാണ് ചരിത്രത്തിന്റെ ഏടുകളിൽ ഇന്നും തെളിമയോടെ നിലകൊള്ളുന്നത്.

യോഗദണ്ഡുകൊണ്ട് സർഗ്ഗശക്തിയാകുന്ന ഈ കുതിരയെ തളയ്ക്കാൻ പിന്നീട് വന്നത് വേദസാരമറിഞ്ഞിട്ടുള്ള പണ്ഡിതന്മാരായിരുന്നു. യുഗങ്ങളുടെ പാട്ടുകാരായിട്ടുള്ള, വിശ്വവിജയികളും അശ്വഹൃദയജ്ഞരുമായിട്ടുള്ള തന്റെ പൂർവ്വികർ ഇവരോടെല്ലാം പടപൊരുതി ഈ കുതിരയെ വീണ്ടെടുത്തു എന്നു കവിപറയുന്നു. ആ പൂർവ്വികർ മണ്ണിൽത്തന്നെ പിറന്നവരും മണ്ണിനെ

പൊന്നണിയിച്ച സംസ്കാരശില്പികളുമായിരുന്നു. മനുഷ്യന്റെ നാഗരികത പടുത്തുയർത്തുന്നതിൽ കവികൾക്കും കലാകാരന്മാർക്കുമുണ്ടായിരുന്ന പങ്ക് ഒന്നുകൂടി ഓർമ്മിപ്പിക്കുകയാണിവിടെ.

നാടിന്റെ ചൈതന്യം തന്നിൽ ഉണർന്നുവന്ന ദിവസങ്ങളിലൊന്നിൽ സംസ്കാരശില്പികളായ പൂർവ്വികരുടെ കയ്യിൽനിന്നാണ് കവി സർഗ്ഗശക്തിയാകുന്ന ഈ കുതിരയെ കൈക്കലാക്കിയത്. കവിയുടെയുള്ളിൽ സാമൂഹ്യബോധം ശക്തമാവുകയും സമൂഹത്തിന്റെ വേദനകൾ സ്വന്തം വേദനകളായി മാറുകയും ചെയ്തപ്പോഴാണ് അദ്ദേഹത്തിലെ കവി ഉണർന്നെണീറ്റത്. ഉള്ളിൽ സർഗ്ഗശക്തി ഉണർന്നതോടെ താൻ ജീവിക്കുന്ന യുഗത്തിന്റെ സാമൂഹ്യശക്തിയായി കവിയും മാറി. സമൂഹത്തെ ചലിപ്പിക്കാനും മുമ്പോട്ടു നയിക്കുവാനും കവിയുടെ സൃഷ്ടികൾക്കു കഴിഞ്ഞു. ആ സൃഷ്ടികളുടെ ചൈതന്യം ഒരിക്കലും മായുകയില്ല. എക്കാലവും സാമൂഹ്യപുരോഗതിക്കുള്ള വഴിവിളക്കുകളായി അവ ജ്വലിച്ചുനിൽക്കും.

താൻ മാന്ത്രികനോ ഈശ്വരനോ അല്ല. ഈ പച്ചമണ്ണിന്റെ മനുഷ്യത്വമാണ്. മാന്ത്രികശക്തികളോ അലൗകിക പ്രഭാവമോ അല്ല തന്നെ യുഗഗായകനാക്കി മാറ്റിയത്. ഈ ഭൂമിയിലെ കഷ്ടതനിറഞ്ഞ ജീവിതവുമായുള്ള ലയിച്ചുചേരലാണ് അതിനുള്ള കരുത്തുനൽകിയത്. ഈ മണ്ണിന്റെ വേദനയിൽ നിന്നാണ് ആ സർഗ്ഗശക്തി ഉയിർകൊണ്ടത്. അങ്ങനെയുള്ള സർഗ്ഗശക്തിയാകുന്ന കുതിരയെ ആണ് ദിഗ്വിജയത്തിനായി കവി വിട്ടയയ്ക്കുന്നത്. ഇതിനെ പിടിച്ചുകെട്ടുവാനോ ഇതിന്റെ മാർഗ്ഗം തടയുവാനോ ധൈര്യമുള്ള ആരെങ്കിലുമുണ്ടോ എന്നു കവി അന്വേഷിക്കുന്നു. സഹസ്രാബ്ദങ്ങളായി എല്ലാ തടസ്സങ്ങളേയും തട്ടിത്തെറിപ്പിച്ച് മുന്നേറുന്ന സർഗ്ഗശക്തിയാകുന്ന ഈ കുതിര അജയ്യമായ അതിന്റെ യാത്ര സുധീരം തുടരുക തന്നെചെയ്യും എന്ന ഉറച്ച ആത്മവിശ്വാസമാണ് കവി ഇവിടെ പ്രകടിപ്പിക്കുന്നത്.

# മൈക്കലാഞ്ചലോ, മാപ്പ് ! - ഒ. എൻ. വി. കുറുപ്പ്

**വേദനിപ്പിക്കുന്ന ശിൽപം**

**മൈക്കലാഞ്ജലോയുടെ പിയത്ത എന്ന ശില്പത്തിന്റെ നേർക്ക് 1972 മേയ് 21-ന് മയക്കുമരുന്നിന് അടിമയായ ലാസ്ലോടോത്ത് എന്ന യുവാവ് ആക്രമണം നടത്തി. അതിനെക്കുറിച്ചുള്ള പത്രവാർത്ത വായിച്ചപ്പോൾ കവി ഒ.എൻ.വി.കുറുപ്പിനുണ്ടായ വൈകാരികാനുഭവത്തിൽനിന്ന് രൂപപ്പെട്ടതാണ് 'മൈക്കലാഞ്ജലോ മാപ്പ്' എന്ന കവിത.കുരിശിൽനിന്നിറക്കിയ യേശുവിന്റെ തിരുശരീരം വാത്സല്യപൂർവം മടിത്തട്ടിൽ താങ്ങിക്കിടത്തിയ അമ്മമറിയത്തിന്റെ കരുണാർദ്രമായ ഭാവം ആവിഷ്കരിക്കുന്ന'പിയത്ത' എന്ന ശില്പം കവിമനസ്സിലുണർത്തിയ അനുഭൂതികൾ ആവിഷ് കരിച്ചുകൊണ്ടാണ് കവിത**

**ആരംഭിക്കുന്നത്. ഒരു ആശ്വാസത്തിനും ഉരുക്കിക്കളയാനാവാത്ത ദുഃഖമാണ് മറിയത്തിന്റേത്. ലില്ലിപ്പൂവിലെ രക്തരേഖകൾപോലെ ചോരവാർന്നൊഴുകിയ ആറിത്തണുത്ത തിരുശരീരം എന്ന വിശേഷണം യേശു ഏറ്റുവാങ്ങിയ പീഡാനുഭവത്തിന്റെ അടയാളമാണ്. തന്നെ മരണത്തിലേക്ക് വലിച്ചെറിഞ്ഞവരോടുപോലും പൊറുക്കണമേ എന്ന് പാതികൂമ്പിയ യേശുവിന്റെ കണ്ണുകൾ അപ്പോഴും പ്രാർഥിക്കുന്നുണ്ടായിരുന്നു. അമ്മയുടെയും മകന്റെയും ദൈന്യത്തെ ജീവസ്സുറ്റതാക്കുന്ന 'പിയത്ത' കവിമനസ്സിൽ ഉജ്ജ്വലമുഹൂർത്തങ്ങൾ സൃഷ്ടിക്കുന്നു. യേശുവിന്റെ പീഡാനുഭവയാത്രയിൽ അരിമത്യക്കാരനായ ജോസഫിനും ഗലീലിയയിലെ സ്ത്രീകൾക്കുമൊപ്പം ദൃക്സാക്ഷിയായ അനുഭവമാണ് 'പിയത്ത' എന്ന ശില്പം കണ്ട കവി പങ്കുവെക്കുന്നത്. ദുഃഖഭാരവുമായി ഇരിക്കുന്ന മറിയത്തെയും മരണമാശ്ലേഷിച്ചിട്ടും മാതാവിന്റെ മടിയിൽ ഉയിർതേടിയിരിക്കുന്ന യേശുവിന്റെയും ശില്പം കൊത്തിമിനുക്കിയ 'പിയത്ത'യെ വിവരിച്ചുതന്ന ഗൈഡിനും ഒപ്പം മഹാനായ മൈക്കലാഞ്ജലോവിനും കവി നന്ദി പ്രകാശിപ്പിക്കുന്നു. മറിയത്തിന്റെ ജീവിതത്തിലെ ഏറ്റവും വികാരതീവ്രമായ രംഗം അനുഭവിച്ചുതന്ന മൈക്കലാഞ്ജലോയെ നെഞ്ചിലേറ്റുകയും ആ കരവിരുതിനെ മനസ്സിൽ ചുംബിക്കുകയും ചെയ്യുന്നു. 'പിയത്ത'യുടെ സൃഷ്ടിക്കായി മൈക്കലാഞ്ജലോ ചെലവഴിച്ച ഉറക്കമില്ലാത്ത രാവുകളും വിയർപ്പിൽ കുളിച്ച പകലുകളും മനസ്സിലുണർന്ന മംഗളഗാനവും കവി തന്റേതന്നെ അനുഭവമായി കാണുന്നു. പ്രതിമ തകർത്ത യുവാവിന്റെ കാട്ടാളത്തം കവിയെ ദുഃഖിതനാക്കുന്നു. ഒന്നുറങ്ങുവാൻപോലും മയക്കുമരുന്ന് തേടിപ്പോകുന്ന പുതുകാലത്തിന്റെ ജല്പനവും സംഹാരവും കവിയെ അസ്വസ്ഥനാക്കുന്നു. വിഗ്രഹഭഞ്ജകന്റെ പ്രവൃത്തിയിൽ മനംതകർന്ന കവി മൈക്കലാഞ്ജലോയോട് മാപ്പുചോദിക്കുകയും യേശുവിനെപ്പോലെ കുറ്റവാളികൾക്ക് മാപ്പുനൽകണമേയെന്ന് പ്രാർഥിക്കുകയും ചെയ്യുന്നു.**

**വരികളിലൂടെ**

**കവിതയിലെ ചില പ്രധാന വരികൾ പരിശോധിക്കാം.**

**'ദുഖത്തിൻ സൂര്യശിലയായ്ത്തീർന്നോരമ്മ.'**

കുരിശുമരണത്തിനുശേഷം യേശുദേവന്റെ തിരുശരീരം കുരിശിൽ നിന്നിറക്കി മാതാവായ മറിയത്തിന്റെ മടിയിൽ കിടത്തി. മകന്റെ മരണത്തിൽ ഏറ്റവും ദുഃഖിതയായിരിക്കുന്ന മറിയത്തെ സൂര്യശിലയോടാണ് കവി സാദൃശ്യപ്പെടുത്തിയിരിക്കുന്നത്. സൂര്യപ്രകാശമേൽക്കുമ്പോൾ ജ്വലിക്കുകയും പ്രകാശിക്കുകയും ചെയ്യുന്ന രത്നസമാനമായ കല്ലുകളാണ് സൂര്യശിലകൾ. മറിയം ദുഃഖംകൊണ്ട് ജ്വലിക്കുകയും പ്രകാശിക്കുകയും ചെയ്യുന്നു. ഇവിടെ ദുഃഖം സൂര്യനും ആ മാതാവ് സൂര്യശിലയുമാണ്. മറിയത്തിന്റെ കഠിന വേദനയാണ് ആ അന്തരീക്ഷമാകെ വ്യാപിച്ചു നിൽക്കുന്നത്. അവരുടെ ദുഃഖത്തിന്റെ തീവ്രത വ്യക്തമാക്കാൻ ഈ പ്രയോഗത്തിന് കഴിയുന്നുണ്ട്.

'ഒരു വെൺലില്ലിപ്പൂവിൽ ശോണരേഖപോലെ,
തിരുശോണിതം വാർന്ന പാടുകളുടലാകെ.'

കുരിശിൽനിന്നിറക്കിയ യേശുവിന്റെ തിരുശരീരം അമ്മമറിയത്തിന്റെ മടിത്തട്ടിൽ രക്തരേഖകൾ പടർന്ന ലില്ലിപ്പൂവുപോലെ വാടിക്കിടക്കുകയാണ്. ഇവിടെ കവി യേശുദേവന്റെ ശരീരത്തെ വെൺ ലില്ലിപ്പൂവിനോട് ഉപമിച്ചിരിക്കുന്നു. പരിശുദ്ധിയുടെ പര്യായമായാണ് ലില്ലിപ്പൂവിനെ കവികൾ കാണുന്നത്. കുരിശിലേറ്റിയപ്പോൾ ആണിപ്പഴുതുകളിലൂടെ രക്തം വാർന്ന് ആ വെളുത്തശരീരത്തിലൂടെ ഒഴുകിയ പാടുകൾ ഇപ്പോഴും കാണാം. വെൺലില്ലിപ്പൂവിലെ ചുവന്ന വരകളോടാണ് ഈ രക്തമൊഴുകിയ പാടുകളെ കവി സാദൃശ്യപ്പെടുത്തുന്നത്. ലില്ലിപ്പൂവിന്റെ വിശുദ്ധിയും സൗന്ദര്യവും യേശുദേവന്റെ ചേതയറ്റ ശരീരത്തിൽ ഇപ്പോഴുമുണ്ട് എന്നാണ് ഈ ഉപമയിലൂടെ കവി സൂചിപ്പിക്കുന്നത്.

'പാഴ്ച്ചിപ്പിയുടെ മൂക സങ്കടംപോലേയമ്മയിരിപ്പൂ.'

ചിപ്പി ഏറെക്കാലം തപസ്സിരിക്കുമ്പോഴാണ് ഉള്ളിൽ മുത്തുണ്ടാവുന്നത്. പാകമായ മുത്ത് ചിപ്പിക്കുള്ളിൽനിന്നും അടർത്തിയെടുക്കുന്നു. കാരണം മുത്ത് വിലപിടിച്ചതും ശ്രേഷ്ഠവുമാണ്. കവിതയിൽ ചിപ്പി മറിയമാണ്. പാകമായ മുത്ത് യേശുദേവനും. ചിപ്പിയിൽനിന്ന് അടർത്തിയെടുത്ത വിലപിടിപ്പുള്ള മുത്തിനെ നെഞ്ചുപിളർന്ന് കൊലപ്പെടുത്തിയശേഷം ചിപ്പിയുടെ മടിയിൽ വച്ചുകൊടുക്കുന്നതുപോലെയാണ് യേശുവിന്റെ ജഡം മറിയത്തിന്റെ മടിയിൽ കിടത്തിയത്. തന്റെ തപസ്സും കാത്തിരിപ്പും പ്രതീക്ഷകളും സ്വപ്നങ്ങളുമെല്ലാം പാഴായിപ്പോയ ചിപ്പിയുടെ അവസ്ഥയായരിരുന്നു മറിയത്തിന്റേതെന്ന് കവി സങ്കൽപ്പിക്കുന്നു.

'താത നീയിവരോടു പൊറുക്കണമേ'യെന്നു
പാതികൂമ്പിയ കൺകളിപ്പോഴും പ്രാർഥിക്കുന്നു.'

കുരിശിൽനിന്നിറക്കിയ യേശുവിന്റെ തിരുശരീരം അമ്മമറിയത്തിന്റെ മടിത്തട്ടിൽ രക്തരേഖകൾ പടർന്ന ലില്ലിപ്പൂവുപോലെ വാടിക്കിടക്കുകയാണ്. പീഡാനുഭവങ്ങൾ ഏറ്റുവാങ്ങിയ യേശുവിന്റെ ദേഹത്തിൽ പാതികൂമ്പിയ കണ്ണുകൾ അപ്പോഴും പ്രാർഥനാനിർഭരമായിരുന്നു. പിതാവേ, നീ എന്നെ ഈ നിലയിലെത്തിച്ചവരോട് പൊറുക്കണമേയെന്ന് ആ കണ്ണുകൾ

ഇപ്പോഴും പ്രാർഥിക്കുന്നതായി കവി പറയുന്നു. തന്റെ മരണത്തിന് കാരണമായവരോടുപോലും കാണിക്കുന്ന സ്നേഹവും കാരുണ്യവുമാണ് യേശുവിന്റെ പാതികൂമ്പിയ കണ്ണുകളിൽ നിറഞ്ഞുനിന്നത്.

'ദൃക്സാക്ഷിയാകുന്നു ഞാ'നറിമത്യ'യിൽനിന്നു
മെത്തുമൗസേപ്പിന്നൊപ്പം, ഗലീലിസ്ത്രീകൾക്കൊപ്പം'

'പിയത്ത' എന്ന വെണ്ണക്കൽശില്പം കണ്ടപ്പോൾ തന്നിലുദിച്ചുയർന്ന ഉജ്ജ്വലമുഹൂർത്തങ്ങളാണ് ഒ.എൻ.വി. പങ്കുവെക്കുന്നത്. അരിമത്യക്കാരനായ ജോസഫും ഗലീലിയയിലെ സ്ത്രീകളും പങ്കാളികളായ ക്രിസ്തുവിന്റെ പീഡാനുഭവയാത്രയിൽ താനും പങ്കാളിയായതുപോലെ കവിക്ക് അനുഭവപ്പെടുന്നു. പിലാത്തോസിന്റെ ഭവനംമുതൽ ഗാഗുൽത്താമലവരെ കുരിശുംവഹിച്ചുകൊണ്ടുള്ള ക്രിസ്തുവിന്റെ അവസാനയാത്രയിൽ യാത്രാമധ്യേ അദ്ദേഹം കുഴഞ്ഞുവീണു. അപ്പോൾ അദ്ദേഹത്തെ സഹായിക്കാനായി നിയോഗിക്കപ്പെട്ട ഒരു സാധാരണക്കാരനായിരുന്നു അരിമത്യക്കാരനായ ജോസഫ്. ആ യാത്രയിൽ കരഞ്ഞുകൊണ്ട് ഗലീലിയയിലെ ഒരുകൂട്ടം സ്ത്രീകളും ക്രിസ്തുവിനെ അനുഗമിക്കുകയുണ്ടായി. ''നിങ്ങൾ എന്നെ ചൊല്ലി കരയേണ്ട, നിങ്ങളുടെ മക്കളെയോർത്ത് കരയൂ.'' എന്നു പറഞ്ഞ് ക്രിസ്തു അവരെ ആശ്വസിപ്പിക്കുകയുണ്ടായി. ജോസഫിന്റെയും ഗലീലിയയിലെ സ്ത്രീകളുടെയും ഹൃദയത്തുടിപ്പുകൾ തന്റെകൂടി അനുഭവമായി ഒ.എൻ.വി. തിരിച്ചറിയുന്നു. ശില്പത്തിൽ തുടിക്കുന്ന കരുണഭാവം ജോസഫിലൂടെ, ഗലീലിയാസ്ത്രീകളിലൂടെ കവിമനസ്സിലും ലോകമനസ്സുകളിലും പടർന്നുകയറുകയാണ്.

'അവനു ചുറ്റും ബിംബഭഞ്ജകപരിവേഷ-
മണിയിക്കുവാനേതോ ക്യാമറ കൺചിമ്മുന്നു!...'

മൈക്കലാഞ്ജലോയുടെ പിയത്ത എന്ന ശില്പത്തിന്റെ നേർക്ക് 1972 മേയ് 21-ന് മയക്കുമരുന്നിന് അടിമയായ ലാസ്ലോടോത്ത് എന്ന യുവാവ് ആക്രമണം നടത്തി. പ്രതിമ തകർത്ത യുവാവിന്റെ കാട്ടാളത്തം കവിയെ ദുഃഖിതനാക്കുന്നു. ഒന്നുറങ്ങുവാൻപോലും മയക്കുമരുന്ന് തേടിപ്പോകുന്ന പുതുകാലത്തിന്റെ ജല്പനവും സംഹാരവും കവിയെ അസ്വസ്ഥനാക്കുന്നു. പുതിയവയെ നിർമ്മിക്കുന്നതിൽ പുതിയ തലമുറ താല്പര്യം കാണിക്കുന്നില്ല. കാരണം പുതിയ നിർന്നിതികികുപിന്നിൽ വളരെക്കാലത്തെ ക്ഷമാപൂർണമായ അദ്ധ്വാനം ആവശ്യമുണ്ട്. എന്നാൽ നിർമ്മിക്കപ്പെട്ടവയെ തച്ചുടയ്ക്കുക വളരെ എളുപ്പമാണ്. നശിപ്പിക്കുന്നതിൽ സന്തോഷം കണ്ടെത്തുകയും അതിലൂടെ പ്രശസ്തി നേടുകയുമാണ് പുതിയതലമുറയുടെ രീതി. പുതിയ തലമുറയുടെ ചിന്താശൂന്യവും ലക്ഷ്യബോധമില്ലാത്തതുമായ ഇത്തരം പ്രവൃത്തികളെ മാധ്യമങ്ങൾ മഹത്വവൽക്കരിക്കാൻ ശ്രമിക്കുന്നു. നിരുത്സാഹപ്പെടുത്തേണ്ട ഇത്തരം പ്രവൃത്തികൾക്ക് അമിതപ്രാധാന്യം നൽകി പ്രചരിപ്പിക്കുന്നു. മാനവരാശിയുടെ പൈതൃകത്തോടുള്ള ഈ അവഹേളനം കവിയെ ലജ്ജിപ്പിക്കുന്നു. അദ്ദേഹം മൈക്കലാഞ്ചലോയോട് മാപ്പിരക്കുകയും ചെയ്യുന്നു.

'മാപ്പുനൽകുകെൻ പ്രിയ മൈക്കലാഞ്ജലോ,
മാപ്പ് മാപ്പിവർ ചെയ്യുന്നതെന്തെന്നിവരറിവില...'

'പിയത്ത' എന്ന വെണ്ണക്കൽശില്പം ലോകത്തിനായി കൊത്തിവെച്ച മൈക്കലാഞ്ജലോയുടെ കരവിരുതിനു മുൻപിൽ കവി അദ്ഭുതപരതന്ത്രനായി നമസ്കരിക്കുന്നു. ആ ലോകോത്തരകലാകാരന് ഹൃദയത്തിന്റെ ഭാഷയിൽ കവി നന്ദി പ്രകാശിപ്പിക്കുന്നു. എന്നാൽ ആധുനികകാലത്തിന്റെ ലഹരിമൂത്ത കാട്ടാളത്തത്തിന്റെ പ്രതിനിധിയായ ലാസ്ലോടോത്ത് എന്ന ചെറുപ്പക്കാരൻ ചുറ്റികയാൽ ആ ശില്പഭംഗിയെ തച്ചുടയ്ക്കുന്നു. ജഡമായ ശിലയെ മൈക്കലാഞ്ജലോ തന്റെ കരവിരുതിനാൽ തേജസ്സുറ്റതാക്കിയപ്പോൾ ആധുനികകാലത്തിന്റെ ലഹരി വിഴുങ്ങിയ ഭ്രാന്ത് ചുറ്റികയാൽ അതിനെ തച്ചുടച്ചതു കണ്ട് കവി വേദനയോടെ മൈക്കലാഞ്ജലോയോട് മാപ്പുചോദിക്കുകയാണ്. കലാസൃഷ്ടിയുടെ സൗന്ദര്യമറിയാതെ വളർന്നുവരുന്ന പുതിയകാലത്തെക്കുറിച്ചുള്ള ആശങ്കയോടെയാണ് യേശുവിന്റെ വചനം ഉൾക്കൊണ്ട് ഇവർ ചെയ്യുന്നതെന്തെന്ന് ഇവരറിയുന്നില്ല. ഇവർക്ക് മാപ്പുനൽകണമേയെന്ന് കവി പറയുന്നത്.

**ആത്മബലിയുടെ പിയത്ത**

മൈക്കലാഞ്ജലോയുടെ വിശ്വപ്രസിദ്ധ വെണ്ണക്കൽശില്പമാണ് 'പിയത്ത'. ആത്മബലി നടത്തിയ ക്രിസ്തുവിനെ ഉയിർത്തെഴുന്നേല്പിക്കാൻവേണ്ടി മൈക്കലാഞ്ജലോ നടത്തിയ ആത്മബലിയുടെ അനശ്വരഫലമാണ് പിയത്ത. കുരിശിൽനിന്നിറക്കിയ ക്രിസ്തുവിന്റെ മൃതശരീരത്തെ അമ്മമറിയം മടിയിൽ കിടത്തിയിരിക്കുന്നതായി ചിത്രീകരിക്കുന്ന പിയത്ത ഒറ്റ മാർബിൾശിലയിൽ രണ്ടുവർഷംകൊണ്ടാണ് പൂർത്തിയാക്കിയത്. 1499-ൽ പണി പൂർത്തിയാക്കിയ ഈ ശില്പം വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസലിക്കയിൽ കുടികൊള്ളുന്നു. ഈ ശില്പം തീർക്കുമ്പോൾ മൈക്കലാഞ്ജലോയ്ക്ക് ഇരുപത്തിനാലുവയസ്സേ ഉണ്ടായിരുന്നുള്ളൂ. പിയത്ത എന്ന ശില്പത്തെക്കുറിച്ച് വലിയ വിമർശനങ്ങൾ ഉണ്ടായിട്ടുണ്ട്. കന്യാമറിയത്തിന്റെ വസ്ത്രാലങ്കാരത്തിലെ ധാരാളിത്തവും അവരുടെ തല ചെറുതാണെന്നും വിമർശിക്കപ്പെട്ടു. മടിയിൽ കിടക്കുന്ന മകനായ യേശുവിനെക്കാൾ പ്രായക്കുറവ് കന്യാമറിയത്തിന്റെ മുഖത്ത് കാണുന്നു എന്നായിരുന്നു മറ്റൊരു വിമർശനം. അതിന് മൈക്കലാഞ്ജലോ തന്നെ മറുപടി നൽകുകയുണ്ടായി. വിശുദ്ധയായ ഒരു സ്ത്രീയിൽ യൗവനം ദീർഘകാലം നിലനിൽക്കും. ക്രിസ്തുവിന്റെ ശരീരം യൗവനം തുളുമ്പുന്നതാണെങ്കിലും ആത്മീയകാന്തിയാണ് അതിൽ സ്ഫുരിക്കുന്നത്. അമ്മയുടെയും മകന്റെയും സ്മാരകമായ 'പിയത്ത' കാണുമ്പോൾ വിശുദ്ധമാതാവിന്റെ കണ്ണുകൾ 'എന്നെയും മകനെയും കൈവിട്ടോ?' എന്ന് ദൈവത്തോട് ചോദിക്കുന്നതായി നമുക്ക് അനുഭവപ്പെടുന്നു. ക്രിസ്തുവിന്റെ കൈകളും കാലുകളും നിദ്രയിൽ മുഴുകിയ ഒരാളിന്റെതെന്ന് തോന്നുംവിധം അയഞ്ഞ് ഒഴുകിക്കിടക്കുന്നതിന്റെ കലാസൗന്ദര്യം ഒന്നു വേറെതന്നെയാണ്.

---

# ലക്ഷ്മണസാന്ത്വനം

**1.വിദ്യാഭ്യാസം അനുഷ്ഠിക്കേണ്ടത് എങ്ങനെയാണെന്നാണ് എഴുത്തച്ഛൻ അഭിപ്രായപ്പെടുന്നത്?1**

1 ശ്രദ്ധയോടെ 2 ക്രോധത്തോടെ 3.ഏകാന്തചേതസ്സോടെ

4 ബുദ്ധിയോടെ

2. സംസാരനാശിനിയായി കരുതുന്നതെന്തിനെയാണ് ? 1

1. രോഷത്തെ 2.വിദ്യയെ 3.അവിദ്യയെ 4 മോഹത്തെ

3.വാത്സല്യപൂരം - ഉചിതമായ വിഗ്രഹാർത്ഥമേത് ?1

1.വാത്സല്യമാകുന്ന പൂരം

2 വാത്സല്യത്തിന്റെ പൂരം

3 വാത്സല്യത്തോടെയുള്ള പൂരം

4.വാത്സല്യവും പൂരവും

4. മാനസതാര്- ശരിയായ വിഗ്രഹാർത്ഥമേത് ?1

മാനസത്തിലെ താര്

മാനസമാകുന്ന താര്

മാനസത്തിന്റെ താര്

മാനസവും താരും

5."വത്സ സൗമിത്രേ കുമാര നീ കേൾക്കണം "-- ഇങ്ങനെ രാമൻ ലക്ഷ്മണനെ സംബോധന ചെയ്യുന്നതിന്റെ സാംഗത്യം പരിശോധിക്കുക 2

6."കാലാഹിനാ പരിഗ്രസ്തമാം ലോകവു-
മാലോല ചേതസാ ഭോഗങ്ങൾ തേടുന്നു. ''- പ്രയോഗഭംഗി കണ്ടെത്തുക 2

7.''വിദ്യാഭ്യാസമേകാന്ത ചേതസാ ചെയ്ക വേണ്ടുന്നതും ''-അടിവരയിട്ട ഭാഗം നൽകുന്ന സവിശേഷാർത്ഥമെന്ത് ? 2

8. "നന്നല്ല ദേഹം നിമിത്തം മഹാമോഹം''-എന്ന് എഴുത്തച്ഛൻ സമർത്ഥിക്കുന്നതെങ്ങനെ ?4

9 ജീവിതത്തിന്റെ നശ്വരതയെ എഴുത്തച്ഛൻ വിശദീകരിക്കുന്നതെങ്ങനെ ?4

10.പാന്ഥർ പെരുവഴിയമ്പലം തന്നിലേ
താന്തരായ് കൂടി വിയോഗം വരുംപോലെ
നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയു-
മെത്രയും ചഞ്ചലമാലയസംഗമം- "ലളിതമായ സദൃശകല്പനകളിലൂടെ ഗഹനമായ ആശയങ്ങളെ ഉറപ്പിക്കുവാൻ എഴുത്തച്ഛന് കഴിയുന്നു.''-ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക ? 4

**11.**എഴുത്തച്ഛൻ തത്വോപദേശകനായ കവി - ഈ വിഷയത്തിൽ
ലക്ഷ്മണസാന്ത്വനം മുൻനിർത്തി ഉപന്യാസം തയ്യാറാക്കുക 6

**12.**ജീവിതത്തിന്റെ നശ്വരതയെപ്പറ്റിയുള്ള എഴുത്തച്ഛന്റെ കാഴ്ചപ്പാടുകൾ
വിശകലനം ചെയ്ത് പ്രഭാഷണം തയ്യാറാക്കുക 6

**13.** ''ദോഷങ്ങളൊക്കവേ ദേഹാഭിമാനിനാം
രോഷേണ വന്നു ഭവിക്കുന്നതോർക്ക നീ''- ഈ ആശയത്തിന്റെ സമകാലിക പ്രസക്തി നിരീക്ഷിച്ച് കുറിപ്പെഴുതുക 4

**14.** ''എന്നെപ്പിടിച്ചു വലിക്കുന്നു താഴ്ന്നു
കണ്ണീരിൽ ജീവിക്കും നീരാളി
ഏറെജ്ജനത്തെ വിഴുങ്ങിയിട്ടും വിശ-
പ്പാറാത്തകാലമാം നീരാളി'' - അക്കിത്തം

''ചക്ഷുഃശ്രവണഗളസ്ഥമാം ദർദ്ദുരം
ഭക്ഷണത്തിനപേക്ഷിക്കുന്നതു പോലെ
കാലാഹിനാ പരിഗ്രസ്തമാം ലോകവു-
മാലോല ചേതസാ ഭോഗങ്ങൾ തേടുന്നു. ''-എഴുത്തച്ഛൻ
കവികളുടെ കാലസങ്കല്പം താരതമ്യം ചെയ്യുക 4

**15.** ''നമുക്കെഴുത്തച്ഛനെടുത്ത ഭാഷാക്രമക്കണക്കേ ശരണം'' -എന്ന
നിരീക്ഷണം ആസ്പദമാക്കി ''എഴുത്തച്ഛന്റെ ഭാഷാശൈലി കാലാതീതമാണ് '' എന്ന വിഷയത്തിൽ പ്രഭാഷണം അവതരിപ്പിക്കുക 6

**16.**''വിദ്യ കൊണ്ടറിയേണ്ടതറിയാതെ
വിദ്വാനെന്നു നടിക്കുന്നിതു ചിലർ ''(പൂന്താനം )

'' സംസാരകാരിണിയായതവിദ്യയും
സംസാരനാശിനിയായതുവിദ്യയും'' (എഴുത്തച്ഛൻ)
വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കവിചിന്തകൾ വിശകലനം ചെയ്യുക 6

**17.** ''രാമനെ നിത്യം ദശരഥനെന്നുള്ളി-
ലാമോദമോടെ നിരൂപിച്ചു കൊള്ളണം''
തന്നിരിക്കുന്ന കാവ്യഭാഗം അടിസ്ഥാനമാക്കി ശ്രീരാമൻ അനുജൻ ലക്ഷ്മണനു നൽകിയ ഉപദേശത്തിന്റെ സവിശേഷതകൾ വിലയിരുത്തുക 6

# പ്രലോഭനം

1 നളനു വേറെ കർമ്മം നമുക്കു വേറെ കർമ്മം - ഈ വരികളിൽ പ്രകടമാകുന്ന മനോഭാവമെന്ത് ?

2 കലി നളനെ വൈരസേനി എന്നു വിളിക്കുന്നതിന്റെ സാംഗത്യമെന്ത് ?

3. പാരിലെന്നെയിന്നാരറിയാതവർ -ഇവിടെ തെളിയുന്ന മനോഭാവമെന്ത് ?

4.തവ ഞാൻ മിത്രം തസ്യ നാട്ടു ഞാൻ
തേ തരുന്നു ചൂതു പൊരുക പോരിക - ഭാഷാ സവിശേഷതകൾ എഴുതുക

5.പുഷ്കര നീ പഴുതേ ജന്മം നിഷ് ഫലമാക്കരുതേ - ഈ വരികളിൽ തെളിയുന്ന സൂചനകൾ എഴുതുക

6.പ്രലോഭനം ശീർഷകത്തിന്റെ ഔചിത്യമെന്ത് ?

## യുദ്ധത്തിന്റെ പരിണാമം

**1.പാണ്ഡവരുടെ വിജയം വല്ലപാടും നേടിയതാണെന്ന് മാരാർ പറയുന്നതെന്തുകൊണ്ട്?2**

**2.ലഘുവാക്യങ്ങളാക്കുക 2**

**രാജാവിന്റെ വിലാപം കേട്ട ജനസഹസ്രങ്ങൾ കണ്ണും നിറച്ച് അങ്ങുമിങ്ങും പാഞ്ഞുപോയി.**

**3. കൃപകൃതവർമ്മാശ്വത്ഥാമാക്കൾ - ഘടകങ്ങളാക്കുക 1**

**4.''ഏതായാലും ഈ സ്ഥിതിയിൽ അയാളുടെ തലയിൽ ചവിട്ടുവാൻ ആർക്കും കാലു പൊങ്ങുകയില്ല'' – മാരാർ ഇങ്ങനെ അഭിപ്രായപ്പെടുന്നതെന്തുകൊണ്ട് ?4**

**5.''ഞാൻ ശിബിരത്തിൽ കടന്ന് കാലനെപ്പോലെ പ്രവർത്തിക്കും”- ഇവിടെ പ്രകടമാകുന്ന മാനസികാവസ്ഥ എന്ത് ?2**

**6.ഗുരുഘാതികൾക്ക കുലപാംസന ലോകങ്ങളില്ല – വിശകലനം ചെയ്യുക 4**

**7.ആയുധകവചാദികൾ - വിഗ്രഹാർത്ഥമെന്ത് ? 1**

**8.''ഭാരതമാകട്ടെ നടന്ന കഥ മാത്രമല്ല നടക്കാനിരിക്കുന്ന കഥ കൂടിയാണെന്ന് എവിടെ നോക്കിയാലും കാണുന്നു''-(യുദ്ധത്തിന്റെ പരിണാമം) -ഈ പ്രസ്താവനയുടെസമകാലിക പ്രസക്തി പരിശോധിക്കുക 4**

**9.സുയോധനൻ , ദുര്യോധനൻ എന്നിങ്ങനെ വിരുദ്ധാർത്ഥമായ രണ്ടു പേര് വ്യാസൻ നൽകിയതിന്റെ ഔചിത്യം പരിശോധിക്കുക 4**

**10. ജയോയമജയാകരോ ജയസ്തസ്മാൽ പരാജയ: -ഈ വാക്യം മുൻനിർത്തി യുദ്ധത്തിന്റെ വിനാശസ്വഭാവം വിലയിരുത്തി ഉപന്യാസം തയ്യാറാക്കുക 6**

**11.അശ്വത്ഥാമാവിനെ ചിരഞ്ജീവിയായി കല്പിച്ചതിന്റെ ഔചിത്യം പരിശോധിക്കുക 4**

**12.കൃഷ്ണൻ ദ്രൗണിയെ നരാധമൻ എന്നു വിളിക്കുന്നതെന്തുകൊണ്ട് ?4**

## ഞാൻ കഥാകാരനായ കഥ

1.ദൈവത്തെ മറന്നു കളിക്കണ്ട എന്നും പറയണം- വൃദ്ധയുടെ ഈ വാക്കുകളിൽ മനോഭാവമെന്ത്?

2.''അപ്പോൾ എന്റെ അഭിമാനം ഉച്ചകോടിയിലെത്തിപ്പോയി ''- സന്ദർഭം വിശകലനം ചെയ്യുക 2

3.എനിക്ക് അപ്പോൾ സഹതാപവും തുടർന്നു കൊണ്ട് ഉള്ളിൽ ചിരിയും വന്നു - എന്തുകൊണ്ട്?4

4. ചെറുകഥകൾ കൊണ്ട് മറ്റാളുകളുടെ മനസ്സിളക്കാൻ എനിക്കു കഴിഞ്ഞിട്ടുണ്ടോ എന്നെനിക്കറിഞ്ഞു കൂടാ -എസ്.കെ പൊറ്റക്കാടിന്റെ നിരീക്ഷണം മുൻനിർത്തി ഞാൻ കഥാകാരനായ കഥ വിശകലനം ചെയ്യുക 4

5.വായനക്കാരന് എഴുത്തുകാരനോടോ എഴുത്തുകാരന് വായനക്കാരനോടോ പ്രതിബദ്ധതയില്ല . -എം.ടി.

വായനക്കാരിലെത്തുമ്പോഴാണ് എഴുത്ത് പൂർണമാകുന്നത് - കെ.സുരേന്ദ്രൻ

മുക്കാലും കുരുടിയായിരുന്ന ആ മുത്തിത്തള്ളയാണ് ചെറുകഥാരചനയിൽ എന്റെ ആദ്യത്തെ ഗുരുനാഥ -എസ് .കെ .പൊറ്റക്കാട്

എഴുത്തുകാരുടെ അഭിപ്രായങ്ങൾ പരിശോധിച്ച് വായനക്കാരനും എഴുത്തുകാരനും എന്നവിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക 6

## ആത്മാവിന്റെ വെളിപാടുകൾ

1.ഉപദേശത്തിന്റെ കുറവു കൊണ്ടാണോ മനുഷ്യൻ ചീത്തയാകുന്നത് - ആരെയാണ് ഇവിടെ ഉദ്ദേശിക്കുന്നത്?1

1.അന്നയെ 2.എമിലിയെ 3.പാഷയെ 4.മൈക്കിളിനെ

2.എന്റെ പീഡാനുഭവങ്ങളെ സ്നേഹിക്കാൻ ഞാൻ പഠിച്ചു കഴിഞ്ഞു- മനോഭാവം വിശകലനം ചെയ്യുക 2

3.''കഥാസന്ദർഭങ്ങൾ മനസ്സിൽ ത്രസിച്ചു നിൽക്കുന്നു.വെറുതെ കണ്ണടച്ചങ്ങു പറഞ്ഞാൽ മതി'' -ദസ്തയോവ്സ്കി

''നോവലിലേക്ക് പ്രവേശിക്കുമ്പോൾ അദ്ദേഹം അനുഭവിക്കുന്ന ആത്മസംഘർഷം ആ മനസ്സിന്റെ സുതാര്യതയിലൂടെ അവൾക്കു കാണാൻ കഴിയുന്നുണ്ട്'' - എഴുത്തുകാരനും അനുവാചകനും തമ്മിലുള്ള ആത്മബന്ധത്തിന്റെ പ്രത്യക്ഷോദാഹരണ മാണോ ഈ വരികൾ ? നിരൂപണം ചെയ്യുക 4

4. ആത്മാവിന്റെ വെളിപാടുകൾ എന്ന ശീർഷകത്തിന്റെ ഔചിത്യം വിശകലനം ചെയ്യുക 4

5.നന്മയുടെ മൂർത്തിയായി ഒരു ശുദ്ധാത്മാവിനെസൃഷ്ടിക്കുകയാണ് എന്റെ ലക്ഷ്യം. അതിനേക്കാൾ പ്രയാസമുള്ള എന്തു പണിയാണ് ഈ ഭൂമിയിൽ ഉള്ളത് ? അതും കുടിലബുദ്ധികളുടെ ഇക്കാലത്ത്. - വിശകലനം ചെയ്യുക 4

6.''ജീവിതം നൽകാൻ മടിച്ചതൊക്കെയും
ജീവിച്ച ജീവിതത്തോടു ഞാൻ നേടിടും '' - ചങ്ങമ്പുഴ

''ഓരോ ദുരന്തവും ജീവിതത്തെ കൂടുതൽ സ്നേഹിക്കാനാണ് എന്നെ പഠിപ്പിച്ചത് ''-
ദസ്തയോവ്സ്കി

-കാഴ്ചപ്പാടുകൾ താരതമ്യം ചെയ്യുക 4

7.നീ എന്റെ ഹൃദയത്തിനകത്താണോ നിൽക്കുന്നത് - ഈ ചോദ്യം അന്നയുടെ സ്വഭാവസവിശേഷതകളെ അടയാളപ്പെടുത്തുന്നുണ്ടോ ?അഭിപ്രായം കുറിക്കുക 4

8.എഴുത്തുകാരന്റെ രക്തമൂറ്റിക്കുടിക്കുന്ന അട്ട എന്നു വിളിക്കുന്നതാരെയാണ് ?1
1 സ്റ്റെല്ലോവ്സ്കിയെ 2 പാഷയെ 3 എമിലിയെ 4 ഇപ്പോലിത്തിനെ

9.ആത്മക്ഷതങ്ങൾ - ശരിയായ വിഗ്രഹാർത്ഥമേത് ?1

10.ഞാനെന്റെ ജീവിതത്തിൽ കണ്ടിട്ടുള്ള ഏറ്റവും നല്ല സ്ത്രീ അവളായിരുന്നു.അവൾ പോയിക്കഴിഞ്ഞപ്പോഴാണ് ശവക്കുഴിയിൽ അവളോടൊപ്പം എന്താണ് അടക്കിയതെന്ന് ഞാനറിയുന്നത് - പ്രയോഗസവിശേഷതകൾ എഴുതുക 4

11.മനുഷ്യന് എല്ലാ ചുമടുകളും ഇറക്കി വയ്ക്കാനൊക്കുമോ ? സഹിക്കാനൊന്നുമില്ലാത്ത ജീവിതം യഥാർത്ഥത്തിൽ ജീവിതമാണോ ?-ഈ സന്ദർഭത്തിലൂടെ ദസ്തയോവ്സ്കി നൽകുന്ന സന്ദേശമെന്ത്?4

## അക്കർമാശി

1.''ചവറുകൾക്കു പകരം തുക്കി നോക്കേണ്ടത് ഞങ്ങളുടെ വിശപ്പാണെന്നെനിക്കു തോന്നി '' - ഇവിടെ തെളിയുന്ന ജീവിതസാഹചര്യം വിശകലനം ചെയ്യുക 4

**2. ''അന്ന് ആ ദൂരം മുഴുവനും സന്താമായി നടന്നെത്തിയത് എന്നെയൊന്നു കാണാൻ മാത്രമായിരുന്നു'' - സന്താമായിയുടെ സ്വഭാവസവിശേഷതകൾ കണ്ടെത്തുക 4**

**3.''എന്റെ സത്യസന്ധത എനിക്കു നൽകിയആനന്ദം ആ മുപ്പതു രൂപയേക്കാൾ എത്രയോ വലുതായിരുന്നു ''-ഈ സന്ദർഭത്തിലൂടെ ലിംബാളെ നൽകുന്ന സന്ദേശമെന്ത് ?4**

**4.സന്താമായി ഒരു മഹർ ആണെന്നു മനസ്സിലായപ്പോൾ ചെരുപ്പു കുത്തി ചെരുപ്പ് തുന്നാൻ കൂട്ടാക്കിയില്ല – അന്നത്തെ സാമൂഹികാന്തരീക്ഷം വിശകലനം ചെയ്യുക 4**

**5.''അക്കർമാശി എന്ന എന്റെ ആത്മകഥയെ ഒരു കലാസൃഷ്ടിയായി ഞാൻ കാണുന്നില്ല ഇതൊരു നിവേദനമാണ്.ഈ പുസ്തകത്തെ സാമൂഹികമായ അനീതിയുടെ പ്രത്യക്ഷവിവരണം എന്ന നിലയ്ക്ക് മാത്രം കണ്ടാൽ മതി''-ലിംബാളെയുടെ ഈ അഭിപ്രായം നിരൂപണം ചെയ്ത് ഉപന്യാസം തയ്യാറാക്കുക 6**

## ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക

1 **അപരിചിതം**

**പഴയവീട് പുതുക്കിപ്പണിതു
വെണ്ണക്കല്ലുവിരിച്ചു**

**എന്നിട്ടും
പാലുകാച്ചലിന്റെ അന്നു തന്നെ
അകത്തെത്തിയിരിക്കുന്നു
ആ നശിച്ച തവള**

**ഈ ശല്യം ഇവിടേയും വന്നോ എന്ന്
ഈർക്കിൽ കുടുക്കുമായി മകൻ
വടിയുമായി മകൾ
പണ്ടെങ്ങോ മരിച്ചു പോയ
വേണ്ടപ്പെട്ട ആരുടേയോ
ആത്മാവായിരിക്കും എന്നു പറഞ്ഞു നോക്കി
അതിന് അവർ ജീവിച്ച വീടല്ല ഇത്
അവർ ഓമനിച്ച മക്കളുമല്ല**

**എന്നിട്ടും
ആ ആത്മാവിനു പ്രിയപ്പെട്ട എന്തോ ഒന്ന്
ഈ വീട്ടിലുള്ളതു കൊണ്ടാവില്ലേ**

**അതിനിവിടം വിട്ടു പോകാനാകാത്തത്**
**അത്രയും മഹത്വമുള്ള ഒന്ന് ഇരിക്കുന്ന**
**വീട്ടിലാണല്ലോ നാം എന്ന്**
**അഭിമാനം തിളപ്പിച്ചു നോക്കി**
**വേണ്ടി വന്നില്ല**
**അതിനുമുമ്പേ**
**എല്ലാവരും കണ്ടു നിൽക്കേ**
**വേച്ച് വേച്ച് സാവധാനം**
**ഇറങ്ങിപ്പോയി പാവം**

**പണ്ടു പറ്റിച്ചേർന്നു കിടന്ന ഈർപ്പം**
**കുടിച്ച തണുപ്പ്**
**കിട്ടിയ കരുതൽ**
**പങ്കിട്ട ഇഷ്ടങ്ങൾ**
**ഒന്നും ഇപ്പോൾ അവിടെ ഉണ്ടാവില്ല**
**വീട് മാറിക്കയറിയ ഒരാളുടെ**
**അമ്പരപ്പ് മാത്രമായിരിക്കാം**
**അതിന്റെ മനസ്സിൽ,**
**ഹാവൂ പോയ്ക്കിട്ടിയല്ലോ എന്നനെടുവീർപ്പിൽ**
**വീട് നിറയുമ്പോഴും.**

**വീരാൻകുട്ടി**

## 2
## ക്ഷണക്കത്ത്

*സായിപ്പിനും*
*മദാമ്മയ്ക്കും*
*ഇപ്പോൾ*
*ഇംഗ്ലീഷ് തീരെ അറിയില്ല*

*കത്ത്*
*ഇംഗ്ലീഷിലായിരുന്നിട്ടും*
*ഞങ്ങടെ കല്ല്യാണത്തിനു*
*വന്നില്ല*

***കുരീപ്പുഴ ശ്രീകുമാർ***

## *3 എഴുതാത്ത കവിത*

*ആരും ഇന്നോളം*

*എഴുതിയിട്ടില്ലാത്ത*
*കവിതയാണ് ഞാൻ.*
*പല കവികളുടെയും*
*വിരൽത്തുമ്പോളം എത്തി*
*ലിപി ഇല്ലാത്തതു കൊണ്ട്*
*ഉച്ചരിക്കപ്പെടാത്ത പ്രണയം പോലെ*
*ഞാൻ സ്വപ്നത്തിലേക്കുതിരിച്ചു പോയി.*

*ഭാവി എന്ന ഒരു കാലം ഉള്ളിടത്തോളം*
*എനിക്ക് ഭാഷയെ ഭയമില്ല.*
*എന്നെങ്കിലും ഞാൻ എന്റെ*
*വാക്കുകൾ കണ്ടെത്തും;*
*ഒഴിഞ്ഞ കടലാസ്സിൽ*
*പുതിയൊരു നക്ഷത്രത്തിൻ കീഴിൽ*
*ഒരു കപ്പൽപ്പായ*
*പതുക്കെ നിവർന്നുയരുന്നത്*
*ഒരു കുട്ടി*
*വിസ്മയത്തോടെ നോക്കി നിൽക്കും.*

***സച്ചിദാനന്ദൻ***

## പ്ലാവിലക്കഞ്ഞി

**1.പരസ്പരസ്നേഹവും വിശ്വാസവും സഹവർത്തിത്വവുമാണ് ജീവിതത്തിന്റെ വേരുകൾ**

**പ്ലാവിലക്കഞ്ഞി,ഓരോ വിളിയും കാത്ത് ,അമ്മത്തൊട്ടിൽ എന്നീ പാഠഭാഗങ്ങളെ ആസ്പ**

**ദമാക്കി ഉപന്യാസം തയ്യാറാക്കുക? ( 6)**

**2. കോരന് ഔസേപ്പ് മുതലാളി നെല്ലുകൂലി കൊടുക്കാത്തതെന്തുകൊണ്ട് ? ( 2)**

**3.രാത്രിയിൽ നടക്കുന്ന നെല്ലുവ്യാപാരത്തെ പരസ്യപ്പെടുത്താനുള്ള തീരുമാനത്തിൽ നിന്നും**

**കോരൻ പിന്മാറിയതെന്തുകൊണ്ട്? ( 2)**

**4 . അവിടെങ്ങും നെല്ലു കണി കാണാനില്ല ഒള്ളോൻ വെളി കാണിക്കത്തില്ല -**

അന്നത്തെ സാമൂഹ്യാവസ്ഥയുടെ എന്തെല്ലാം പ്രത്യേകതകളാണ് ഈ വരികളിൽ
തെളിയുന്നത്? 4

5 ജീവിതത്തിന് എന്തെന്തു സംഭാവനകൾ ചെയ്ത ഒരു ജീവിതത്തിന്റെ അവസാനാധ്യായ
ങ്ങളാണ് ഒരു കുറുകുറുപ്പോടെ അവിടെ വലിച്ചു കഴിയുന്നത് - കർഷകരായിരുന്ന വൃദ്ധരുടെ
ജീവിതദൈന്യം ഈ വരികളിൽ എത്രമാത്രം പ്രതിഫലിക്കുന്നു?4

6 അപ്പന് ഒരു നേരമെങ്കിലും നിറച്ചു ചോറ് കൊടുക്കണം അതു മാത്രമാണ്
അവന്റെ ആഗ്രഹം - മകനെന്ന നിലയിലുള്ള കോരന്റെ ആഗ്രഹത്തിന്റെ സമകാലിക പ്രസക്തി വിശകലനം
ചെയ്ത് കുറിപ്പ് തയ്യാറാക്കുക 4

7 അന്നും നെല്ലിനു വേണ്ടി അവൻ വാദിച്ചു .ഒരു രൂപ അവന് കൂലി കിട്ടി -
അർത്ഥവ്യത്യാസം വരാതെ ഒറ്റ വാക്യമാക്കുക 2

8. അവൻ ഉണ്ടാക്കിയ നെല്ല് മറ്റാരുടെയോ വകയായിരുന്നു -
ഏതു തരംസാമൂഹ്യാവസ്ഥയാണ് ഇവിടെ പ്രകടമാകുന്നത് ?2

9. അപരാധബോധം കോരന്റെ ഹൃദയത്തെ നോവിച്ചു - ഈ സന്ദർഭത്തിൽ തെളിയുന്ന
കോരന്റെ സ്വഭാവപ്രത്യേകത എന്ത്

10 പിറ്റേന്നു കാലത്ത് ആ നാഴി കഞ്ഞിവെള്ളവും നാലുകഷ്ണം കപ്പയും ഒരു വഴക്കിന് കാരണമായി. അവൻ അപ്പടി കഴിച്ചെന്നു വച്ചല്ല. അവർ ഒട്ടും കഴിക്കാത്തതിനാൽ. - കഷ്ടപ്പാടുകൾക്കിടയിലും ജീവിതത്തെ സുന്ദരമാക്കുന്നത് മനുഷ്യബന്ധങ്ങളാണ്. പാഠസന്ദർഭം വിലയിരുത്തി ഈ അഭിപ്രായത്തിന്റെ സാധ്യത പരിശോധിക്കുക.

11 അപരാധബോധം കോരന്റെ ഹൃദയത്തെ നോവിച്ചു. കോരന്റെ അപരാധ ബോധത്തിന് കാരണമെന്ത്? ഇത്തരം വികാരങ്ങൾ ഇന്നത്തെ

തലമുറക്ക് അന്യമായിക്കൊണ്ടിരിക്കുകയാണോ? നിങ്ങളുടെ അഭിപ്രായം കുറിക്കുക.

12 അതു കണ്ണു തണുപ്പിക്കുന്ന ഒരു കാഴ്ച തന്നെയായിരുന്നു. ആ കാഴ്ച കോരന്റെ കണ്ണുതണുപ്പിക്കാൻ കാരണമെന്ത്?

13 പിതാവിനെ നോക്കിക്കൊണ്ടിരിക്കവേ കോരന്റെ കണ്ണുകൾ നിറഞ്ഞു. കോരന്റെ കണ്ണുകൾ നിറയാൻ കാരണമെന്ത്?

14 എടീ കള്ളീ! നീയതു ഒളിച്ചുമച്ചിരുന്നോ !
മൂഴക്കരിയിട്ടു തെളപ്പിച്ചു. ഏനാ അതകടിച്ചത്. അവളു കുടിച്ചില്ല. ഏനു കോരിക്കോരിത്തന്നു.
ഈ സംഭാഷണ ശകലങ്ങളിൽ തെളിയുന്ന ചിത്രതയുടെ സ്വഭാവസവിശേഷതകൾ വിശകലനം ചെയ്ത് കുറിപ്പു തയ്യാറാക്കുക.

15 നിങ്ങളുടെ ഭാഷയിലേക്ക് മാറ്റിയെഴുതുക.
അതുമേണ്ട. നീ ഇന്നു മെള്ളം കുടിച്ചതല്ലല്ലോ. എനക്കു മയറു നെറഞ്ഞു.

യൂണിറ്റ് 3
1 നന്മകൾ കേട്ടതു കണ്ടതു
ചൊല്ലാൻ നാക്കിനു കഴിയെട്ടെ
അയ്യപ്പപ്പണിക്കരുടെ ഈ വരികളോട് ആധുനിക കാലെത്തെ
2 പത്രമാധ്യമങ്ങൾ നീതി പുലർത്തുന്നുണ്ടോ? ഉപന്യസിക്കുക (6)

3 മൃഗങ്ങളുടെ മേൽ പരീക്ഷണം നടത്തുന്ന ശാസ്ത്രശാസ്ത്രജ്ഞർ പത്രപ്രവർത്തകരുടെയും രാഷ്ട്രീയക്കാരുടെയും മേലെ ശസ്ത്രകിയ നടത്തി പരീക്ഷിക്കട്ടെ .
- ഈ വാക്യത്തിൽ തെളിയുന്ന ഭാവം
പരിഹാസം, അമർഷം, നിരാശ (1)

4 പത്രം അസത്യമാണെന്നറിഞ്ഞു കൊണ്ട് ഒരു കാര്യം പറയുകയും അത് സത്യമായിത്തീരുമെന്ന വിചാരത്താൽ അക്കാര്യം ആവർത്തിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു.
- രണ്ടു ലഘു വാക്യങ്ങളാക്കി മാറ്റി എഴുതുക.(1)

പണയം

5 മൂന്നു പതിറ്റാണ്ടായി നൂലുകോർത്തു കുഴിഞ്ഞുപോയ കണ്ണുകൾകൊണ്ട് അയാൾ ചുറ്റുപാടും നോക്കുന്നത് മത്തായി ശ്രദ്ധിച്ചു. അടിവരയിട്ട പ്രയോഗം സന്ദർഭത്തിനു നൽകുന്ന ഭാവം എന്ത്?
(ദൈന്യം, സ്നേഹം, അമർഷം)(1)

6''തല്ലിവളർത്തണം കുട്ട്യോളെ എന്റെ അപ്പൻ എന്നെ താലോലിച്ചിട്ടുണ്ടോ?'' ചെമ്പുമത്തായിയുടെ ഈ കാഴ്ചപ്പാടിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ? സ്വാഭിപ്രായം കുറിക്കുക (4)

7 ചാക്കോമാപ്പളയ്ക്ക് സ്വർണ്ണം ചോരേലൊണ്ടാർന്നതാ. ഒരച്ച് നോക്കാണ്ടന്നെ പറയും ഇത്ര ചെമ്പ് ഇത്ര സ്വർണ്ണം. ഇനിയ്ക്കത് പറ്റില്ല്യാ - ഈ സംഭാഷണം പണയം എന്ന കഥയുടെ ഭാവതലത്തിൽ ചെലുത്തുന്ന സ്വാധീനമെന്ത്? (4)

8''പണിയെടുക്കുമ്പോളും റേഡിയോ കേൾക്കാം മൂപ്പരേ, ഞാനങ്ങന്യാർന്നു. തയ്ക്കണ സമയത്ത് പാട്ട് നാടകോം ശബ്ദരേഖേം ഒക്കെ കേൾക്കും. ബട്ടൻ തുന്നുമ്പോ പ്രാദേശികവാർത്ത, വക്കടിക്കുമ്പോ വയലും വീടും.'' -ചാക്കുണ്ണി.
9''ആ സാധനം ഞാനെടുത്ത് ഒരു നമ്പരിട്ട് മാറ്റിവച്ചു, നൂറ്റിഇരുപത്തൊമ്പത്.'' - ചെമ്പുമത്തായി.
റേഡിയോയോടുള്ള രണ്ടു കഥാപാത്രങ്ങളുടെയും കാഴ്ചപ്പാട് താരതമ്യം ചെയ്ത് കുറിപ്പു തയ്യാറാക്കുക.

ഋതുയോഗം

1 എരിയാൻ വിറകിന്നു കാത്തിട്ടും
പൊരിയായുള്ളൊരു ഹവ്യവാഹനൻ
ശരിയായ് നിനച്ചിടുന്നു ഞാൻ
പെരിയോർക്കുള്ളൊരു വീരബാലനെ.
ചമൽക്കാര ഭംഗി കണ്ടത്തുക (4)

2( എല്ലാ ശ്ലോകങ്ങളുടെയും കാവ്യഭംഗി, ശബ്ദാലങ്കാരം, ചമൽക്കാരഭംഗി എന്നിവ കണ്ടെത്തി കുറിപ്പ് തയ്യാറാക്കണം)

3 ശകുന്തലാസ്യം, രക്ഷ, മുദമോതിരം എന്നിവയ്ക്ക് ഋതുയോഗത്തിലെ നാടകീയത വർദ്ധിപ്പിക്കുന്നതിലുള്ള പങ്ക് കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക. (4)

4 ഇന്നക്കണ്ണീർ ച്ചുളിവെഴും മിമയ്ക്കുള്ളിൽ നിന്നേ തുടച്ചി -
ട്ടന്തസ്ഥാപം സുമുഖി , ദയിതേ! ചെറ്റു ഞാനാ റ്റിടട്ടേ..
- ശകുന്തളയുടെ ആത്മദുഃഖം തിരിച്ചറിയുന്ന ദുഷ്യന്തന്റെ മനോഭാവം ആധുനിക സമൂഹത്തിനു നൽകുന്ന സന്ദേശമെന്ത്? (4)

5 ഋതുയോഗം എന്ന ശീർഷകത്തിന്റെ ഔചിത്യം കണ്ടെത്തി കുറിപ്പു തയ്യാറാക്കുക. (4)

6 രാഹുവിനെ വിട്ട് ചന്ദ്രൻ
രോഹിണിയോടൊത്തു ചേർന്നു ഭാഗ്യവശാൽ
- വന്നുചേർന്ന എന്തു ഭാഗ്യമാണ് ഇവിടെ സൂചിതമാകുന്നത്? (2)

പാവങ്ങൾ

1 ഒരു കഷണം അപ്പം ഒരു കോപ്പ പാലിൽ എടുത്തു മുക്കുന്നതിന് ഒരാൾക്കും മരുകൊണ്ടുള്ള കയ്യും കൂടി ആവശ്യമില്ല. - ബിഷപ്പിന്റെ ഈ

**വാക്കുകളിൽ തെളിയുന്ന ഭാവം കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക. (4)**

**2 പരലോകത്തു വച്ച് ഇഹലോക കർമ്മങ്ങളെ വിചാരണയ്ക്കെടുക്കുംപോഴത്തെ തുളഞ്ഞു കയറുന്നതും ഭയം തോന്നിക്കുന്നതുമായ കാഹളശബ്ദം പോലെ തിരികുറ്റിയുടെ കരച്ചിലൊച്ച അയാളുടെ ചെകിട്ടിലലച്ചു.**

**- ഈ ആഖ്യാന ശൈലി കഥാപാത്രത്തിന്റെ മാനസികാവസ്ഥയെ പ്രതിഫലിപ്പിക്കുന്നതിന് പര്യാപ്തമാണോ? വിശകലനംചെയ്ത് കുറിപ്പുതയ്യാറക്കുക. (4)**

**3 ഉപ്പുകൊണ്ടുള്ള ഒരു പ്രതിമപോലെ അയാൾ നിന്നേടത്തുതന്നെ മിഴിച്ചുകൊണ്ടുനിന്നു. അടിവരയിട്ട പ്രയോഗത്തിന്റെ സവിശേഷത കണ്ടെത്തുക. (2)**

**4 മെത്രാൻ ആ സമയത്ത് കുനിഞ്ഞ്നിന്ന് കൊട്ട തടത്തിൽ വീണതുകൊണ്ട് കേടുവന്ന ഒരു പൂച്ചെടിയെ സൂക്ഷിച്ച്നോക്കി വ്യസനിക്കുകയായിരുന്നു.**

**-മെത്രാന്റെ ഈ പ്രവൃത്തി നമുക്കുനൽകുന്ന സന്ദേശമെന്ത്? (2)**

**5 രാത്രിയും പകലും ഒരു നീക്ക് നിക്കിയിരിക്കുന്നതുകൂടാതെ അതൊരിക്കലും പൂട്ടിയിടുകയില്ല.**

**-ബിഷപ്പിന്റെ ഈ സമഭാവന വർത്തമാനകാലസമൂഹത്തിനു പരിചിതമാണോ? വിശകലനംചെയ്ത് കുറിപ്പ് തയ്യാറാക്കുക.(4)**

**6 ഒരു സത്യവാനായിരിക്കുവാൻ ഈ ക്ഷണം ഉപയോഗപ്പെടുത്തുമെന്ന് നിങ്ങൾ പ്രതിജ്ഞചെയ്തിട്ടുള്ളത് മറക്കരുതേ, ഒരിക്കലും മറന്നുപോകരുത്.**

**-മെത്രാന്റെ ഈ വാക്കുകൾ സമൂഹത്തിനു നൽകുന്ന സന്ദേശമെന്ത്? വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.**

**കോഴിയും കിഴവിയും**

**1 അതിന്റെ ജീവൻപോകുന്നത് കാണുമ്പോൾ കണ്ണു നിറയാത്തത് കണ്ണിൽക്കൂടി വരേണ്ട വെള്ളം വായിൽ ഊറുന്നതുകൊണ്ടാണ്.**
**- ആശയം വ്യക്തമാക്കുക. (2)**

**2 ആ പൂവൻകോഴി ഒരു വിപ്ലവം അഴിച്ചു വിട്ടു. - എന്തായിരുന്നു വിപ്ലവം ? (2)**

**3 അങ്ങനെ മുകളിൽനിന്ന് കീഴോട്ടൂർന്നിറങ്ങുന്ന മർക്കോസും താഴെ നിന്നു മേലോട്ടു വളരുന്ന മത്തായിയും അയൽക്കാരായി പാർത്തു.**
**- ഈ വാക്യം രണ്ടു കഥാപാത്രങ്ങളുടെയും ജീവിതാവസ്ഥയെക്കുറിച്ച് നൽകുന്ന സൂചനകളെന്തെല്ലാം? വിശകലനം ചെയ്ത് കുറിപ്പു തയ്യാറാക്കുക. (4)**

**4 കാറ്റു മാറി വീശി. മർക്കോസ് ക്ഷീണിച്ചപ്പോൾ മത്തായി സഹായിച്ചു തുടങ്ങി. മത്തായിയുടെ ഉദ്ദേശശുദ്ധിയെ വിലയിരുത്തി കുറിച്ചു തയ്യാറാക്കുക. ( 4 )**

**5 ചീഞ്ഞളിയുന്ന വസ്തുക്കൾ അയൽക്കാരന്റെ പറമ്പിലേക്കെറിയും. തൊട്ട വീട്ടിൽ പാർക്കുന്ന ശത്രുക്കൾക്ക് എന്തെല്ലാം ഉപദ്രവങ്ങളാണ് ചെയ്യാൻ കഴിയുക.**
**- സമകാലികസമൂഹത്തിന്ന് നേരെ പിടിച്ച കണ്ണാടിയാണോ കോഴിയും കിഴവിയും എന്ന കഥയിലെ ഈ വാക്യം. സ്വാഭിപ്രായം സമർത്ഥിക്കുക. (4)**

**6 രണ്ടു വീട്ടിലെയും കുട്ടികൾ ഒരുമിച്ചു നടക്കുന്നതു പോലും വീട്ടുകാർക്കിഷ്ടമില്ല.**
**- കോഴിയും കിഴവിയും**
**പാഠാലയത്തിലേ പ്രാമാണ്യമുള്ളവർ**
**പാവങ്ങളോടൊത്തിണങ്ങലുള്ളൂ..**

**പഞ്ചാമൃതക്കൂട്ടും ഞാവൽപ്പഴങ്ങളും**

**പങ്കിട്ടെടുത്തു കഴിക്കലുള്ളൂ.**

**- രണ്ടു കുട്ടികൾ**

**താരതമ്യം ചെയ്ത് കുറിപ്പു തയ്യാറാക്കുക. (4)**

## ശ്രീ നാരായണഗുരു

**1 ഭാരതത്തിന്റെ നവോത്ഥാനത്തിന് അപരിത്യാജ്യമായിത്തീർന്ന കർമ്മപരിപാടിയാണ് അധകൃതവർഗ്ഗോദ്ധാരണം. അടിയിൽ വരയിട്ട പദം കൊണ്ട് അർത്ഥമാക്കുന്നത് എന്ത്?**

**( ഒഴിവാക്കാവുന്നത്, ഒഴിവാക്കാനാവാത്തത്) (1)**

**2 മതാതീതനായ ഒരു തത്ത്വജ്ഞാനിയാണ് ശ്രീനാരായണ ഗുരു എന്ന് ലേഖകൻ സമർത്ഥിക്കുന്നതെങ്ങനെ ? (4)**

**3 ലോകമേ തറവാട് തനിക്കീ ചെടികളും പുൽകളും പുഴുക്കളും കൂടിത്തൻ കുടുംബക്കാർ എന്ന ഗാന്ധിയൻ സങ്കല്പം ശ്രീ നാരായണ ഗുരുവിന്റെ സാർവ്വലൗകികത്വം എന്ന ദർശനവുമായി എത്രമാത്രം  പൊരുത്തപ്പെടുന്നു എന്നു കണ്ടെത്തി കുറിപ്പു തയ്യാറാക്കുക. (4)**

## കടൽത്തീരത്ത്

**1 ഇല്ലായ്മയോടൊപ്പം ഒരുമ നിൽക്കുന്നു. ഈ ചൊല്ലിന്റെ അടിസ്ഥാനത്തിൽ വെള്ളായിയപ്പനോടുള്ള പാഴുതറ ഗ്രാമവാസികളുടെ മനോഭാവം വിലയിരുത്തി കുറിപ്പു തയ്യാറാക്ക ക (4)**

**2 പ്രയോഗ സവിശേഷത കണ്ടെത്തി കുറിപ്പു തയ്യാറാക്കുക.**

**പറമ്പിലെ മഞ്ഞപ്പുല്ലിലൂടെ ആരുടെയൊക്കെയോ ദുഃഖ സഞ്ചാരങ്ങളുടെ തഴമ്പായി ചവിട്ടടിപ്പാത നീണ്ടു പോകുന്നു. (4)**

3 മുണ്ടകപ്പാടത്തിന്റെ വരമ്പത്തു തന്റെ ചെറുവിരൽ പിടിച്ചു കൊ ണ്ട് അസ്തമയത്തിന്റെ പക്ഷികളെ നോക്കി അത്ഭുതപ്പെടുന്ന മകനെ വെള്ളായിയപ്പൻ ഓർത്തു. ഈ ബിംബകല്പനയുടെ ഔചിത്യം പരിശോധിക്കുക. (4)

4 പ്രയോഗ ഭംഗികണ്ടെത്തുക.

a.ആകാശത്തിന്റെ ഇരുട്ടിൽ അകലെവിടെയോ പുലരിയുടെ സൂചന.

b.കാക്കക്കരച്ചിലോടെ മുകളിൽ പത്തെക്കെ ആകാശങ്ങൾ തെളിഞ്ഞു.

c.ഒരു പേറ്റിച്ചിയെപ്പോലെ തന്റെ മകന്റെ ദേഹത്തെ െവെള്ളായിയപ്പൻ പാറാവുകാരിൽ നിന്നും ഏറ്റുവാങ്ങി

പ്രിയദർശനം

1 പണ്ടു നിന്നെയൊരിളം കുരുന്നതായ്
കണ്ടു ഞാൻ, സപദി വല്ലിയായ് നീ

ഈ വരികളുടെ ചമൽക്കാരഭംഗി കണ്ടെത്തുക. (4)

2 ഭാവശാലികൾ പിരിഞ്ഞു കൂടിയാ -
ലീവിധം വികലമാം സുഖോദയം

അടിവരയിട്ട പ്രയോഗത്തിന്റെ ഔചിത്യം പരിശോധിക്കുക. (2)

3''നിന്നിലി  പ്രണയ ചാപലത്തെ ഞാ-
നന്നുമിന്നു മൊരുപോലെ വന്ദേലേ ''

-നളിനിയെക്കുറിച്ച് ദിവാകരന്റെ കാഴ്ചപ്പാട് ഈ വരികളിൽ തെളിയുന്നതെങ്ങനെ ? (4)

4 ഏകമർത്ഥിയാം പ്രാണിതൻ പ്രിയെമൊരിക്കലീശ്വരൻ - നളിനി ഇങ്ങനെ പറയാനിടയായ സാഹചര്യം വ്യക്തമാക്കുക. (4)

5"ഭവാനു പണ്ടിഷ്ടയാം നളിനി ഞാൻ മഹാമതേ " - അടിവരയിട്ട പ്രയോഗം നൽകുന്ന സൂചനകളെന്തെല്ലാം! (2)

വിശ്വരൂപം

1 അൻപുതരുമന്യരൊടു ബന്ധ, മാബന്ധങ്ങൾ
നൺപെന്ന മഹിത സൗഭാഗ്യം
- തിരുക്കുറൽ
അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ
-നളിനി

കവിതാഭാഗങ്ങൾ താരതമ്യംചെയ്ത് 'ജീവിതബന്ധങ്ങളുടെ പ്രാധാന്യവും പ്രസക്തിയും' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക. (6)

2 കൊടുക്കുന്നതിൽനിന്ന് അവർ എല്ലാം നേടി
ആരെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത്?
(ഭാരതസ്ത്രീകൾ, മിസിസ് തലത്ത്, ബിഷപ്പ്, സുധീർ) (1)

3'നോക്കൂ നമുക്ക് അഞ്ചാമത്ഒരു കുട്ടി ഉണ്ടായിരിക്കുന്നു ഒരു മകൻ, പക്ഷേ ഒരു വ്യത്യാസം ഉണ്ട് ഇവൻ കുറച്ചു നാൾ നമ്മോടു കൂടി താമസിക്കും.' ഈ സംഭാഷണത്തിലെ അടിവരയിട്ട വാക്യങ്ങൾ നൽകുന്ന അർത്ഥസൂചനകൾ എന്ത്?(2)

4 സുധീർ ഇപ്പോഴാണ് ഞെട്ടിയത്- സുധീറിൽ ഞെട്ടലുളവാക്കിയ സാഹചര്യം എന്ത്(2)

5 ആ പാണികൾ ഗ്രഹിച്ചപ്പോൾ ഇന്നത്തേപ്പോലുള്ള ചൂടില്ലായിരുന്നു എന്നയാളോർത്തു.- സുധീർ ഇപ്രകാരം ചിന്തിക്കാനിടയായ സാഹചര്യം എന്ത്?(2)

6 സ്ത്രീത്വത്തിന്റെ പാരമ്യമാണോ വിശ്വരൂപം എന്ന കഥയിൽ പ്രകടമാകുന്നത്? വിശകലനം ചെയ്യുക.(6)

അമ്മയുടെ എഴുത്തുകൾ

7"നാദമായ് വന്നെന്റെ നാവിലെ തേനായി,
നാഭിയിൽ സ്പന്ദിച്ചതീയുള്ളെഴുത്തുകൾ."

8 അടിവരയിട്ട പ്രയോഗത്തിന്റെ ഭംഗി കണ്ടെത്തി എഴുതുക.

**"..... നാളെ നമ്മുടെ കുട്ടികൾ-**

**ക്കോർക്കാനമമ്മയെ വേണ്ടായിരിക്കുമോ?" മാതാവ്, മാതൃഭാഷ എന്നിവയോടുള്ള ആധുനിക തലമുറയുടെ സമീപനം വിലയിരുത്തുക.**

**9"നാദമായ് വന്നെന്റെ നാവിലെ തേനായി,**
**നാഭിയിൽ സ്പന്ദിച്ചതീയുള്ളെഴുത്തുകൾ."**
**"നമ്മൾ വിദേശത്തുനിർമിച്ചോരമ്മതൻ**
**ബിംബമീയാതിഥ്യശാലയിൽ ശോഭനം"(അമ്മയുടെ എഴുത്തുകൾ)**
**"ഹൃദ്യം സ്വഭാഷതൻ ശീകരമോരോന്നുമുൾത്തേനായ് ചേരുന്ന ചിത്തതാരി**
**അന്യബിന്ദുക്കളോ, തൻബഹിർഭാഗമേ**
**മിന്നിച്ചുനിൽക്കുന്ന തുമുത്തുകൾ"(എന്റെ ഭാഷ - വള്ളത്തോൾ)**
**കവിതാഭാഗങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.**

**10'ഓണമുറ്റത്ത്', 'അമ്മയുടെ എഴുത്തുകൾ' എന്നീ കവിതകളിൽ തെളിയുന്ന നാടോടിസംസ്കൃതിയുടെ തനിമകൾ കണ്ടെത്തി ഉപന്യസിക്കുക(6)**

**---------------------------------------**